
# ജീവനും അമർത്ത്യതയും


## LIFE AND IMMORTALITY




"ക്രിസ്തു സുവിശേഷം വഴി
ജീവനും അക്ഷയതയും വെളിപ്പെടുത്തി"
(2 തിമൊ. ൧:൧൦)




ബൈബിൾ കൃത്യവും ശരിയുമായി എന്തു പഠിപ്പിക്കുന്നു എന്നുള്ള ഒരു ഉൾക്കാഴ്ച കൊണ്ട് ഈ മാസിക നിങ്ങളെ ധന്യരാക്കും. തുടർച്ചയായി ഈ മാസികയുടെ ഓരോ ലക്കങ്ങളിലെയും ലേഖനങ്ങൾ വഴി കുടുംബങ്ങൾക്കും ഭവനങ്ങൾക്കും പ്രത്യേക പ്രാധാന്യമുള്ള ജീവദായകമായ സന്ദേശങ്ങൾ ഇതു നല്കുന്നു. സകല ഭൂഗോത്രങ്ങൾക്കും വരുവാനുള്ള അബ്രഹാമിനോടുള്ള ദൈവത്തിന്റെ വാഗ്ദത്ത നിവൃത്തിയുടെ അനുഗ്രഹകാലത്തെ ഇതു വിളംബരം ചെയ്യുന്നു.




യുഗങ്ങളുടെ ദൈവിക നിർണ്ണയം (ഒരു സ്വതന്ത്ര ബൈബിൾ പഠന സഹായി) സകല ജാതികളുടെയും വീണ്ടെടുപ്പും യഥാസ്ഥാപനവും സംബന്ധിച്ചുള്ള ദൈവിക പദ്ധതിയുടെ ഒരു രൂപരേഖ വളരെ ലളിതമായി തെളിവായി തരുന്ന ബൈബിളിന്റെ ഒരു ‘താക്കോൽ’ അഥവാ ബൈബിൾ വായിക്കുന്നതിനുള്ള ഒരു സംക്ഷിപ്ത വിവരപ്പട്ടിക. തിന്മയ്ക്ക് നല്കപ്പെട്ടിരിക്കുന്ന അനുമതിയെ സംബന്ധിച്ചുള്ള അറിവിനും പ്രവാചകന്മാർ ദർശിച്ച സുവർണ്ണയുഗത്തിനായുള്ള ഒരുക്കത്തിനും ഈ കൃതി സഹായകം.

# ജീവനും അമർത്യതയും

## മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ? എന്നാൽ എനിക്കു മാറ്റം വരുവോളം എന്റെ യുദ്ധകാലമൊക്കെയും കാത്തിരിക്കാമായിരുന്നു (ഇയ്യോബ്. 14:14).

മരണം ജീവിതത്തിന്റെ പൂർണ്ണവിരാമമായിരിക്കുകയില്ലെന്നുള്ള ആശാവഹമായൊരു അഭിവാഞ്ച മനുഷ്യനിൽ കുടികൊള്ളുന്നുണ്ട്. ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ജീവിതം എവിടെയോ എങ്ങനെയോ തുടർന്നുകൊണ്ടിരിക്കുമെന്നു അവ്യക്തമായ ഒരു പ്രതീക്ഷ അവനുണ്ട്. ചിലരിൽ ഈ പ്രതീക്ഷ ഭീതിയായി മാറുന്നു. സൗഭാഗ്യപൂർണ്ണമായ ഒരു ഭാവിക്കു തങ്ങൾ അയോഗ്യരാണെന്നു അവർ ഗ്രഹിച്ചുകൊണ്ടു ഒരു ഇരുണ്ട ഭാവിയെ ഭയപ്പെടുന്നു. തങ്ങളെയും മറ്റുള്ളവരെയും സംബന്ധിച്ചു ഇങ്ങനെ ഒരനുഭവത്തെ അവർ എത്രമേൽ ഭയപ്പെടുന്നുവോ അത്രയ്ക്കു അതിലുള്ള വിശ്വാസവും ബലപ്പെടുന്നു.

പാപത്തിലേക്കും മരണത്തിലേക്കും ആദാമിനു ഭവിച്ച വീഴ്ചക്കുശേഷം, ഒടുവിലായി സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല ചതയ്ക്കുമെന്നു യഹോവ സർപ്പത്തിനു കല്പിച്ച ശിക്ഷാവിധിയിൽ നിന്നാണ് നിശ്ചയമായും ഭാവി ജീവിതത്തെ സംബന്ധിച്ച അവ്യക്തമായ ഈ പ്രത്യാശയുടെയും അതിന്റെ വിപരീതഭാവമായ ഭയാശങ്കയുടെയും ഉത്ഭവം. കുറഞ്ഞപക്ഷം ആദാമ്യ ഭവനത്തിൽ ഒരു വിഭാഗമെങ്കിലും ഒടുവിലായി സാത്താന്റെ മേലും അവന്റെ വഞ്ചനയാൽ അവർ വീഴാനിടവന്ന പാപത്തിന്റെയും മരണത്തിന്റെയും പടുകുഴിയിൽ നിന്നും വിജയം വരിക്കുമെന്നുള്ളതു സംശയമെന്യേ സൂചിപ്പിക്കുന്നതായി പരിഗണിക്കപ്പെട്ടു. ഇതാ കർത്താവ് ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു , എന്നു പ്രവചിച്ച ഹാനോക്ക് വഴിയായും നോഹയിൽ കൂടിയും സംസാരിച്ചുകൊണ്ട് അസ്പഷ്ടമായിട്ടാണെങ്കിലും ദൈവം തീർച്ചയായും ഇപ്രകാരമുള്ള ഒരു പ്രത്യാശയെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്തത്.

### അബ്രഹാമ്യ വാഗ്ദത്തം പ്രത്യാശ ഉളവാക്കി

എന്നാൽ ദൈവത്തിന്റെ തക്കസമയത്തു മനുഷ്യവർഗ്ഗത്തിനാകെ പ്രദാനം ചെയ്‌വാനിരിക്കുന്ന മരണത്തിൽ നിന്നുള്ള മോചനത്തിന്റെ 'സദ്വർത്തമാന'മാകുന്ന സുവിശേഷം ആദ്യമായി അബ്രഹാമിനോടാണ് തെളിവായി പ്രസ്താവിച്ചത്. 'നിന്റെ സന്തതിയിൽ ഭൂമിയിലെ സകല ഗോത്രങ്ങളും അനുഗ്രഹിക്കപ്പെടും' എന്നുള്ള സുവിശേഷം മുന്നമേ അബ്രഹാമിനോടു ഘോഷിച്ചു എന്നു അപ്പൊസ്തലൻ പ്രസ്താവിക്കുന്നു. പുനരുത്ഥാനത്തെ സംബന്ധിച്ച യഹൂദ ജനതയുടെ പ്രത്യാശയ്ക്കു

കുറഞ്ഞപക്ഷം ഇതായിരുന്നു അടിസ്ഥാനം. കാരണം ഭൂഗോത്രങ്ങളിൽ അനേകവും മരിച്ചുപോകയും മരിച്ചുകൊണ്ടിരിക്കുകയും ചെയ്കെ എല്ലാവർക്കുമായുള്ള അനുഗ്രഹത്തിന്റെ വാഗ്ദത്തത്തിൽ ഒരു ഭാവി ജീവിതം അന്തർഭവിച്ചിരുന്നേ മതിയാകൂ. നൂറ്റാണ്ടുകൾക്കുശേഷം യിസ്രായേൽ ബാബേൽ പ്രവാസകാലത്തു ജാതികളുടെ ഇടയിൽ ചിതറിപ്പോയപ്പോൾ അവർ ചെന്നേടത്തെല്ലാം ദൈവവാഗ്ദത്തങ്ങളും അവരുടെ പ്രത്യാശകളും അപൂർണ്ണരൂപത്തിൽ പ്രചരിക്കാനിടയായി.

യഹൂദ ചിന്താഗതിയുടെ സമ്പർക്കംകൊണ്ടോ ശുഭാപ്തി വിശ്വാസം മനുഷ്യസഹജമായതുകൊണ്ടോ രണ്ടിന്റെയും ഫലമായിട്ടോ, കാരണമെന്തായാലും ലോകമാകെത്തന്നെ ഒരു ഭാവിജീവിതത്തിൽ വിശ്വസിക്കുന്നുണ്ട്. അതു നിത്യമായിരുക്കുമെന്നു മിക്കവാറും എല്ലാവരും പ്രതീക്ഷിക്കുന്നു. എന്നാൽ ഇപ്രകാരം ഉള്ള പ്രതീക്ഷകൾ ഈ വിശ്വാസത്തിനു തെളിവുകളല്ല. പഴയനിയമ വാഗ്ദത്തങ്ങൾ തനിച്ചു ഉറപ്പേറിയ ഒരു വിശ്വാസത്തിനു അടിസ്ഥാനമാകത്തക്കവിധം സ്പഷ്ടമല്ല.

## പുതിയ നിയമത്തിൽ നിന്നുള്ള ഉറപ്പ്

നിത്യജീവൻ എന്ന സുപ്രധാന വിഷയം സംബന്ധിച്ചു പുതിയ നിയമത്തിൽ നമ്മുടെ കർത്താവിന്റെയും അപ്പൊസ്തലന്മാരുടെയും സ്പഷ്ടവും പ്രത്യക്ഷവുമായ പ്രസ്താവനകൾ കാണുന്നതോടു കൂടിയാണ് നമ്മുടെ അവ്യക്തമായ പ്രതീക്ഷകൾ ഉത്തമബോധ്യമായി മാറുന്നത്. ഒരു ഭാവിജീവിതത്തിനുള്ള സാദ്ധ്യത ഏവർക്കും കരുതപ്പെട്ടിരിക്കുന്നു എന്നതിനെ സംബന്ധിച്ച വ്യക്തമായ പ്രസ്താവനകൾക്കു പുറമേ ആ വസ്തുതയുടെ തത്വശാസ്ത്രവും അതു സമ്പാദിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനുള്ള മാർഗ്ഗവും സംബന്ധിച്ച വിശദമായ പ്രതിപാദനവും അവരുടെ വാക്കുകളിൽ കാണാം.

പലർക്കും ഈ വസ്തുതകൾ ശ്രദ്ധാവിഷയമായിട്ടില്ല. തന്മൂലം അവർ വിശ്വാസത്തിൽ ബലഹീനരായിരിക്കുന്നു. ഈ വിഷയത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വശാസ്ത്രം നാം പരിശോധിക്കുമ്പോൾ ജ്ഞാനിയും ഉന്നതനുമായ നമ്മുടെ സ്രഷ്ടാവു ചെയ്തിരിക്കുന്ന വ്യവസ്ഥമൂലം മാനവ കുടുംബത്തിലെ ഓരോ അംഗത്തിനും നിത്യമായൊരു ഭാവിജീവിതം സാദ്ധ്യമാണെന്ന വസ്തുത മുമ്പെന്നത്തേതിലുമധികം ഉറപ്പായിത്തീരുന്നു.

നിത്യജീവനെ സംബന്ധിച്ചു പുതിയ നിയമം നൽകുന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിലേക്കു നാം പ്രവേശിക്കുമ്പോൾ നമ്മെ വിസ്മയിപ്പിക്കുമാറു നമ്മുടെ പ്രകൃതിയിലോ നാം മുഖാന്തരമോ നിത്യജീവന്റെ പ്രത്യാശയ്ക്കു അവകാശം നൽകുന്ന യാതൊന്നുമില്ലെന്നു അതു സിദ്ധാന്തിക്കുന്നതായി നാം കാണുന്നു. നമ്മുടെ പിതാവായ ആദാമിന്റെ അനുസരണക്കേടുമൂലം നമ്മുടെ വർഗ്ഗത്തിന്റെ ജീവൻ നഷ്ടപ്പെട്ടു. എന്നേക്കും ജീവിപ്പാൻ കഴിയുന്ന നിലയിലും പൂർണ്ണനായും

അവൻ സൃഷ്ടിക്കപ്പെട്ടു എങ്കിലും അവന്റെ പാപം പാപത്തിന്റെ കൂലിയായ മരണത്തിനു അവനെ അധീനനാക്കി. മാത്രമല്ല അവന്റെ സന്തതികളും അവന്റെ മരണവാസനകൾക്കു ജന്മാവകാശികളായി മരണസ്വഭാവത്തോടുകൂടെ പിറന്നു. ദൈവത്തിന്റെ നിയമം അവനെപ്പോലെ തന്നെ പൂർണ്ണതയുള്ളതാണ്. ലംഘനത്തിനു മുൻപ് അവന്റെ സൃഷ്ടിയും (ആദാം) അപ്രകാരമായിരുന്നു. എന്തെന്നാൽ ദൈവത്തെ സംബന്ധിച്ചു  അവന്റെ എല്ലാ പ്രവൃത്തിയും തികവുള്ളത് എന്ന് എഴുതിയിരിക്കുന്നു. ദൈവം അവന്റെ പ്രമാണത്തിലൂടെ പൂർണ്ണതയുള്ളതിനെ മാത്രം അംഗീകരിക്കുകയും അപൂർണ്ണമായ ഏതിനെയും നാശത്തിനു വിധിക്കുകയും ചെയ്യുന്നു. പുതിയ നിയമത്തിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്കനുസരിച്ചല്ലാതെ പാപത്തിൽ ജനിക്കുകയും അകൃത്യത്തിൽ ആകൃതിപ്പെടുകയും ചെയ്തിരിക്കുന്ന ആദാമ്യവർഗ്ഗത്തിനു നിത്യജീവന്റെ പ്രത്യാശയില്ല. പുതിയ നിയമത്തിൽ കൊടുത്തിരിക്കുന്ന ഈ വ്യവസ്ഥയാണ് സുവിശേഷം എന്നറിയപ്പെടുന്നത്. ഇതിന് സദ്വർത്തമാനം എന്നർത്ഥം. ആദാമ്യഭവനത്തിനാകെ അനുസരിക്കുന്നപക്ഷം വീഴ്ചയിൽ നിന്നു പൂർണ്ണതയിലേക്കു - ദിവ്യകൃപയിലേക്കും നിത്യജീവനിലേക്കും - മടങ്ങിവരുന്നതിനുള്ള മാർഗ്ഗം ക്രിസ്തുവിലൂടെ തുറക്കപ്പെട്ടിരിക്കുന്നു എന്നാണ് ആ സദ്വർത്തമാനത്തിന്റെ സാരാംശം.

### ആദാമിനും അവന്റെ വർഗ്ഗത്തിനും വേണ്ടി ക്രിസ്തു മരിച്ചു

ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു, അവൻ നമ്മുടെ നിതീകരണത്തിനായി ഉയിർത്തു എന്നീ പ്രസ്താവനകളിൽ ദൈവത്തോടു നിരപ്പും അതുവഴി വീണ്ടും നിത്യജീവനും പ്രാപിക്കാമെന്ന ആശക്കു വിത്തുപാകിയിരിക്കുന്നതായി കാണാം. കാരണം എല്ലാവർക്കും വേണ്ടി മറുവില (തുല്യവില) യായിത്തീർന്ന മനുഷ്യനാം ക്രിസ്തുയേശു ആയിട്ടാണു യേശു വന്നത്. ആദാമും അവൻ പാപം ചെയ്യുമ്പോൾ തന്നെ അവനിൽ കുടികൊണ്ടിരുന്ന വർഗ്ഗവും അതിനാൽ സ്വാഭാവികമായി അവനു വിധിച്ച ശിക്ഷയിൽ പങ്കാളിയായിത്തീർന്നു. അവനും വർഗ്ഗവും ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ (മരണം മൂലം) വീണ്ടെടുക്കപ്പെട്ടു (വിലയ്ക്കുകൊള്ളപ്പെട്ടു) (1 പത്രൊ. 1:19; റോമ. 5:12).

### രക്ഷ വ്യവസ്ഥയിന്മേൽ

ദൈവത്തിന്റെ വീണ്ടെടുപ്പിൻ പരിപാടി ഏവരെയും ഉൾപ്പെടുത്തത്തക്കവിധം വിപുലമെങ്കിലും അതു ആർക്കെങ്കിലും പ്രയോജനപ്പെടുന്നത് ഏതാനും ഉപാധികളെ ആശ്രയിച്ചിരിക്കും. അതായത് സർവ്വശ്രമവും കഴിച്ച് തിന്മയെ വർജ്ജിക്കുകയും തദനന്തരം ദൈവത്തോടും നീതിയോടും പൊരുത്തപ്പെട്ടു ജീവിക്കുകയും ചെയ്യുക എന്നതുതന്നെ. തന്മൂലം  ദൈവത്തിന്റെ ദാനമോ നമ്മുടെ കർത്താവായ

യേശുക്രിസ്തുവിൽ നിത്യജീവൻ (റോമ. 6:23) എന്നു എഴുതപ്പെട്ടിരിക്കുന്നു. ഈ വിഷയം സംബന്ധിച്ചു താഴെക്കൊടുത്തിരിക്കുന്ന വേദഭാഗങ്ങൾ വളരെ തെളിവേറിയവയാണ്. 'പുത്രനുള്ളവനു ജീവൻ' (ദൈവദാനമെന്ന നിലയിൽ ജീവന്റെ അവകാശം) ഉണ്ട്. പുത്രനില്ലാത്തവനോ ജീവനെ കാണുകയില്ല (യോഹ. 3:36; 1 യോഹ. 5:12).

ജീവദാതാവായി നിയമിതനായിരിക്കുന്നവനും വീണ്ടെടുപ്പുകാരനുമായ ക്രിസ്തുവിൽ നിന്നല്ലാതെ ആർക്കും നിത്യജീവൻ ലഭിപ്പാൻ സാധ്യമല്ല. വിശ്വാസവും അനുസരണവും പ്രദർശിപ്പിക്കുന്നതിനും അതുവഴി നിത്യജീവനെ പിടിച്ചുകൊള്ളുന്നതിനും നമ്മെ പ്രാപ്തരാക്കുന്ന സത്യത്തിന്റെ വചനത്തെ ജീവജലം എന്നും ജീവന്റെ അപ്പം എന്നും വിളിച്ചിരിക്കുന്നു (യോഹ. 4:14; 6:40,51).

## വിശ്വസ്തതയുള്ളവർക്കു നിത്യജീവൻ

നിത്യജീവൻ നൽകപ്പെടുന്നത് അതിനെയും ഒരു ദാനമെന്ന നിലയിൽ അതു പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകളെയും കുറിച്ചു ഗ്രഹിക്കുമളവിൽ വിശുദ്ധിയുടെ ആത്മാവിനു ചേർന്ന നിലയിൽ ജീവിക്കുന്നതിനാൽ അതിനെ അന്വേഷിക്കുന്നവർക്കു മാത്രമാകുന്നു. അങ്ങനെയുള്ളവർ നിത്യജീവനെന്ന പ്രതിഫലം ദാനമായി കൊയ്യും (റോമ.6:23; ഗലാ.6:8)

ഈ നിത്യജീവൻ നേടുന്നതിനു നാം കർത്താവിന്റെ ആടുകളായി ത്തീർന്നു. ആ ഇടയന്റെ ശബ്ദത്തെ, അതായതു അവന്റെ ഉപദേശങ്ങളെ അനുഗമിക്കണം (യോഹ.10:26-28; 17:2,3).

നിത്യജീവൻ എന്ന മഹാദാനം ആരുടെമേലും നിർബന്ധമായി അടിച്ചേല്പിക്കയില്ല. മറിച്ചു അതു പ്രാപിക്കേണ്ടവരെല്ലാം അതിനായി അഭിലഷിക്കുകയും അതിനെ അന്വേഷിക്കുകയും പിടിച്ചുകൊള്ളുകയും ചെയ്യേണ്ടതാണ് (1 തിമൊ.6:12, 19). ഇപ്പോൾ ദൈവം നമുക്കു വാസ്തവമായി ജീവൻ നൽകുന്നില്ല, ഒടുവിലായി നാം അതു പ്രാപിക്കുമെന്ന പ്രത്യാശ മാത്രമാണ്. എന്തെന്നാൽ (ദൈവം, താൻ നീതിമാനും) അപ്പോൾ തന്നെ ക്രിസ്തുവിനെ നിഷ്കപടമായി വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഏവരെയും നീതീകരിക്കുന്നവനും ആയിരിക്കാൻ കഴിയുന്ന നിലയിൽ ഒരു പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട് (റോമ. 3:26).

ദൈവകൃപയാൽ നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മുടെ ജീവനു പകരം അവന്റെ ജീവൻ ബലികൊടുത്തു നമ്മെ വിലയ്ക്കു കൊള്ളുക മാത്രമല്ല ചെയ്തത്, അവൻ മഹാപുരോഹിതനായി തീരുകയും ചെയ്തു. ആ നിലയിൽ ഇപ്പോൾ അവൻ അവനെ വിശ്വസിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതൻ (ഉറവിടം) ആയിരിക്കുന്നു (എബ്രാ.5:9). ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദത്തം. നിത്യജീവൻ തന്നെ (1 യോഹ. 2:25).

ആ സാക്ഷ്യമോ ദൈവം നമുക്കു നിത്യജീവൻ തന്നു (ഇപ്പോൾ

വിശ്വാസത്താലും പ്രത്യാശയാലും പിന്നീടു നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ യഥാർത്ഥമായും), ആ ജീവൻ അവന്റെ പുത്രനിൽ ഉണ്ട് എന്നുള്ളതുതന്നെ. പുത്രനുള്ളവനു ജീവൻ ഉണ്ട്. ദൈവപുത്ര നില്ലാത്തവനു ജീവൻ ഇല്ല (1 യോഹ. 5:11,12).

നമ്മുടെ സ്രഷ്ടാവു നമ്മുടെ വീണ്ടെടുപ്പുകാരനിലൂടെ ഈ നിത്യജീവൻ ആദാമിനും അവന്റെ മുഴുവൻ വർഗ്ഗത്തിനും സാദ്ധ്യമാക്കി യിരിക്കുന്നു. എന്നാൽ അതു വിശ്വസ്തരും അനുസരിക്കുന്നവരുമായവ ർക്കുവേണ്ടി മാത്രം ഉദ്ദേശിച്ചുള്ളതും വാഗ്ദത്തം ചെയ്തിട്ടുള്ളതുമാണ്. അവർക്കുതന്നെ ഇപ്പോൾ ഇത് പ്രത്യാശയുടെ നിലയിൽ നൽകി യിരിക്കുന്നതേയുള്ളൂ. വിശ്വസ്തരായവർക്കു പുനരുത്ഥാനത്തിൽ അതു വാസ്തവമായി നൽകപ്പെടും.

### മാനുഷിക തത്വശാസ്ത്രങ്ങൾ അത്യന്തം വിഭിന്നം

ഈ വിഷയം സംബന്ധിച്ച ദൈവവചനത്തിലെ വ്യക്തമായ വാഗ്ദത്തങ്ങൾ മനുഷ്യരുടെ താത്വികസിദ്ധാന്തങ്ങളിൽ നിന്നു വളരെ വ്യത്യസ്ഥമാണെന്നു കാണാം. മനുഷ്യനിൽ ഒരു ഭാവി നിത്യജീവനു വേണ്ടിയുള്ള വാഞ്ഛ, അഥവാ ചിലരിൽ അതിനെ സംബന്ധിച്ച ഭയം കുടികൊള്ളുന്നതിനാൽ മനുഷ്യനു സ്വാഭാവികമായി ഒരു നിത്യമായ ഭാവിജീവിതം ഉണ്ടായിരിക്കണമെന്നു ചിലർ അവകാശപ്പെടുന്നു. ഏതെങ്കിലും ഒരു വിഷയം സംബന്ധിച്ച വിശ്വാസത്തിനു പ്രതീക്ഷകളോ ഭയാശങ്കകളോ യുക്തിപൂർവ്വമായ അടിസ്ഥാനമല്ല. മനുഷ്യനിൽ അനന്തമായി ജീവിച്ചുകൊണ്ടിരിക്കേണ്ട ഏതോ ഒരംശമുണ്ടെന്നുള്ള ചിലരുടെ വാദവും നിരാധാരമാണ്. മനുഷ്യന്റെ അവയവഘടനയിൽ അവ്വിധധർമ്മത്തോടുകൂടിയ ഏതെങ്കിലും അംശം ഉള്ളതായി അറിയപ്പെട്ടിട്ടില്ല. അതു തെളിയിക്കപ്പെടുകയോ അതിന്റെ സ്ഥാനം നിർണ്ണയിക്കപ്പെടുകയോ ചെയ്‌വാൻ കഴിയുന്നതല്ല.

ഈ വിഷയം സംബന്ധിച്ച തിരുവെഴുത്തിലെ വീക്ഷണഗതികൾ ക്കാകട്ടെ ഇപ്രകാരമുള്ള എതിർ ന്യായങ്ങളൊന്നും ബാധകമല്ല. നമ്മുടെ ആസ്തിക്യം അഥവാ ജീവൻ അനുപേക്ഷണീയമായൊരു ജന്മസിദ്ധി യായിട്ടല്ല, പ്രത്യുത ദൈവത്തിന്റെ ദാനമായിട്ടാണ് അതിൽ പ്രതിപാദിക്കുന്നത്. ഈ ചിന്താഗതി തികച്ചും യുക്തിയുക്തമാണ്. കൂടാതെ പുറജാതി ദാർശനികന്മാരുടെ ആശയഗതിയിലുള്ള ഗുരുതരമായ ഒരു വിഷമസ്ഥിതി ഇതിൽ ഒഴിവാക്കപ്പെട്ടുമിരിക്കുന്നു. കാരണം ബൈബിൾ ഉപദേശിക്കും പ്രകാരം നിത്യജീവൻ ദൈവത്തിന്റെ ദാനമല്ല, മറിച്ചു മനുഷ്യൻ അനശ്വരനാണ്, അവൻ നിത്യമായി ജീവിച്ചേ മതിയാകൂ എന്നിങ്ങനെയുള്ള ഈ താത്വികവാദം കുറെ കടന്നതാണ്.

ഈ തത്വശാസ്ത്രമനുസരിച്ചു നിത്യജീവൻ അതു വേണ്ടവിധം വിനിയോഗിക്കുകയും ഒരനുഗ്രഹമായി പരിണമിക്കുകയും ചെയ്യുന്നവർക്കു മാത്രമല്ല അതു ദുരുപയോഗപ്പെടുത്തുകയും ഒരു

ശാപമായി ഭവിക്കുകയും ചെയ്യുന്നവർക്കുകൂടെ ലഭിക്കുന്നു.

## ദുഷ്ടന്മാർക്കു നിത്യനാശം

നേരെമറിച്ചു ഞങ്ങൾ തെളിയിച്ചുകഴിഞ്ഞ പ്രകാരം തിരുവെഴുത്തുകൾ പ്രസ്താവിക്കുന്നത് ഈ വിലപ്പെട്ട ശ്രേഷ്ഠദാനം (നിത്യജീവൻ) വീണ്ടെടുപ്പുകാരനും ജീവദായകനുമായവനെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർക്കു നൽകപ്പെടുമെന്നാണ്. നിത്യജീവൻ ദ്രോഹകരമായി പരിണമിക്കുന്ന മറ്റുള്ളവർക്കാകട്ടെ ഇപ്പോൾ അത് ഇല്ലെന്നു മാത്രമല്ല ഒരിക്കലും ലഭിക്കുന്നതുമല്ല. പാപത്തിന്റെ ശമ്പളം മരണം , ദൈവത്തിന്റെ ദാനമോ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നിത്യജീവൻ. ദുഷ്ടന്മാർക്കു (സത്യത്തെ സംബന്ധിച്ചു തെളിവായ പരിജ്ഞാനം ലഭിച്ചശേഷം മന:പൂർവ്വം അതിനെ ലംഘിക്കുന്നവർക്കു) ദൈവജനത്തിന്റെ ഇടയിൽ നിന്നും രണ്ടാം മരണത്താൽ ഛേദനം സംഭവിക്കും. അവർ ഇല്ലാതിരുന്നെങ്കിൽ എന്നപോലെ ആയിത്തീരും . അവർ അശേഷം മുടിഞ്ഞുപോകും . നിത്യനാശം-വീണ്ടെടുപ്പോ പുനരുത്ഥാനമോ കൂടാതെ എന്നേക്കും തുടരുന്ന നാശം -അവരുടെ അവകാശമായിത്തീരും. നിത്യജീവനും അതിനോടു ബന്ധപ്പെട്ട സന്തോഷങ്ങളും അനുഗ്രഹങ്ങളും പദവികളും വിശ്വസ്തന്മാർക്കു അവകാശപ്പെടുന്ന എല്ലാം -അവർക്കു നഷ്ടപ്പെടും (സങ്കീ. 37:9,20; ഇയ്യോ. 10:19; 2 തെസ്സ.1:9).

## അമർത്യതയുടെ നിർവ്വചനം

അമർത്യത എന്ന പദത്തിനു നാം സാധാരണ ധരിക്കുന്ന അർത്ഥം നിത്യജീവൻ എന്നാണ്. ആ അർത്ഥത്തിൽ അമർത്യതയെ സംബന്ധിച്ച പ്രത്യാശ നാം പരിശോധിച്ചു. പുതിയ നിയമത്തിന്റെ വ്യവസ്ഥകൾക്കു വിധേയമായി യഥാവസരം നിത്യജീവൻ അംഗീകരിക്കുന്നവർക്കെല്ലാം അതു പ്രദാനം ചെയ്ക എന്നതാണ് ആദാമ്യവർഗ്ഗത്തെ സംബന്ധിച്ചു ദൈവത്തിന്റെ പരിപാടി എന്നു നാം കണ്ടു കഴിഞ്ഞു. ഇനിയും ഒരു പടി കൂടി കടന്നു ആളുകൾ പൊതുവിൽ ധരിച്ചിരിക്കുന്നതുപോലെ നിത്യജീവൻ, അമർത്യത ഇവ തുല്യാർത്ഥപദങ്ങളല്ലെന്നു ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു. അമർത്യത എന്ന പദം എന്നാളും ജീവിക്കാനുള്ള കഴിവിലും ഉപരിയായ ഒന്നിനെ കുറിക്കുന്നതാണ്. തിരുവെഴുത്തു കളനുസരിച്ചു ഒരു വമ്പിച്ച ജനാവലി അവസാനമായി നിത്യജീവൻ പ്രാപിക്കും. എന്നാൽ വളരെ ന്യൂനപക്ഷമായ ചെറിയ ആട്ടിൻകൂട്ടം മാത്രമാണു അമർത്യത പ്രാപിക്കുന്നത്. മനുഷ്യരുടെയോ ദൂതന്മാരുടെയോ മറ്റാരുടെയെങ്കിലുമോ പ്രകൃതിയിൽ നിന്നു വ്യത്യസ്തമായി ദിവ്യപ്രകൃതിയുടെ സ്വഭാവമോ ധർമ്മമോ ആണു അമർത്യത. ക്രിസ്തുവും അവന്റെ ചെറിയ ആട്ടിൻകൂട്ടം അഥവാ മണവാട്ടി യും, ദിവ്യപ്രകൃ തിയുടെ ഓഹരിക്കാരാകയാലാണ് അവർ സ്വർഗ്ഗത്തിലോ ഭൂമിയിലോ ഉള്ള

എല്ലാവരിൽ നിന്നും ഭിന്നരായിരിക്കുന്നത് (2 പത്രൊ. 1:4).

അമർത്യമെന്നതിന് മർത്യമല്ലാത്തത്-മൃതിക്കതീതമായത്, ഹനിക്കാനാവാത്തത്; അനശ്വരം എന്നർത്ഥം. ഏതെങ്കിലും ജീവി സ്വന്തം ആസ്തിക്യത്തിനു ഏതെങ്കിലും വിധത്തിൽ മറ്റൊരു ജീവിയേയോ ആഹാരം, വായു, വെളിച്ചം മുതലായ സാഹചര്യങ്ങളെയോ ആശ്രയിക്കേണ്ടിവരുന്ന പക്ഷം അമർത്യമല്ല. ഈ ഗുണം യഹോവയാം ദൈവത്തിനു മാത്രമേയുള്ളു. തിരുവെഴുത്തു പറയുന്നു:- പിതാവിനു അവനിൽതന്നെ ജീവൻ ഉണ്ട് (യോഹ. 5:26). എന്നുവച്ചാൽ അവന്റെ ആസ്തിക്യം മറ്റൊന്നിൽനിന്നു പ്രാപിച്ചതോ പരാശ്രയംകൊണ്ടു നിലനിറുത്തേണ്ടതോ അല്ല. സഹജമായ അഥവാ മൗലികമായ സത്വധർമ്മം എന്ന നിലയിൽ അവൻ മാത്രം അമർത്യതയുള്ളവൻ (1 തിമൊ. 6:16). ഏറ്റവും ഉയർന്നവനായി പിതാവിന്റെ തത്വത്തിന്റെ സമഗ്രപ്രതിമ യായിരിക്കുന്ന നിലയിൽ യേശുക്രിസ്തുവിന്റെ ഇപ്പോഴും ഭാവിയിലുമുള്ള അവസ്ഥയെ പരാമർശിക്കുന്നതായും ഈ വേദഭാഗം ധരിക്കാം. അങ്ങനെ ധരിച്ചാലും 1 കൊരി. 15:27-ൽ ഇതേ ലേഖകൻ തന്നെ കൊടുക്കുന്ന വ്യാഖ്യാന നിയമത്തിനു വിധേയമായിരിക്കും. സകലവും കീഴാക്കിക്കൊടുത്തവൻ (പിതാവ്) ഒഴികെയത്രെ എന്നു സ്പഷ്ടം . (എല്ലാ അനുഗ്രഹങ്ങളുടെയും ഉല്പത്തിസ്ഥാനമെന്ന നിലയിൽ എല്ലാ താരതമ്യങ്ങളിൽ നിന്നും അവനെ ഒഴിവാക്കുന്നു). പ്രകൃതവിഷയം സംബന്ധിച്ചു ഈ തിരുവെഴുത്തുകൾ നിർണ്ണായകമായ തെളിവുകളാ കയാൽ മനുഷ്യരോ ദൂതന്മാരോ ജഡമായിത്തീർന്നു നമ്മോടുകൂടെ വസിച്ച കാലത്തും അതിനു മുൻപും ദൈവപുത്രൻ തന്നെയുമോ അമർത്യതയുള്ളവരായിരുന്നില്ല എന്നു സംശയോപരി തെളിയുന്നു.

## മർത്യത എന്നാൽ എന്ത്?

മർത്യത എന്ന പദത്തിനു മരിക്കേണ്ട അവസ്ഥ എന്നല്ല മരിക്കാവുന്ന അവസ്ഥ എന്നേ അർത്ഥമുള്ളൂ. മർത്യജീവന്റെ നിലനില്പും ദൈവത്തെ ആശ്രയിച്ചിരിക്കുന്നു. ഉദാഹരണത്തിനു ദൂതന്മാർ അമർത്യരല്ലായ്കയാൽ മർത്യരാണ്. അവർക്കു മരണം ഭവിക്കാവുന്നതാണ്. ദൈവത്തിനു തന്റെ ജ്ഞാനത്തിലും സ്നേഹത്തിലും നീതിയിലും അധിഷ്ഠിതമായ ഭരണകൂടത്തോടു പ്രതിഷേധിക്കുന്ന പക്ഷം അവരെ നശിപ്പിക്കാൻ കഴിയും. അവനിലാണ് അവർ ജീവിക്കുകയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്. ഒരിക്കൽ പ്രകാശത്തിന്റെ ദൂതനായിരിക്കയും പിന്നീട് എതിരാളിയായിത്തീരുകയും ചെയ്ത സാത്താനെ സംബന്ധിച്ചു അവൻ നശിപ്പിക്കപ്പെടുമെന്നു സ്പഷ്ടമായി എഴുതിയിരിക്കുന്നു (എബ്രാ. 2:14). ഇതു തെളിയിക്കുന്നത് സാത്താൻ മർത്യനാണെന്നു മാത്രമല്ല ദൈവദൂതപ്രകൃതി മർത്യമായതാണ്. അതിന്റെ സ്രഷ്ടാവിനു ഉന്മൂലനം ചെയ്യാവുന്നതാണ് എന്നുകൂടെയാണ്. മനുഷ്യനെ സംബന്ധിച്ചാണെങ്കിൽ അവൻ ദൂതന്മാരേക്കാൾ ഒരു പടി താണവനാണ് (സങ്കീ. 8:5). തന്മൂലം

അവൻ മർത്യനത്രെ. നമ്മുടെ വർഗ്ഗം ആറായിരം വർഷങ്ങളായി മരിച്ചുകൊണ്ടിരിക്കുന്നു. ക്രിസ്തുവിലുള്ള വിശുദ്ധന്മാർ തന്നെ അമർത്യത അന്വേഷിപ്പാൻ പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു (റോമ 2:7). ഈ വസ്തുതകൾ ഇതിനു മതിയായ സാക്ഷ്യമാണ്.

## ആദാം മരിക്കാവുന്ന അവസ്ഥയിൽ സൃഷ്ടിക്കപ്പെട്ടു.

ഒരു മർത്യജീവിയായി ആദാം സൃഷ്ടിക്കപ്പെട്ടു. മർത്യനായിട്ടാണ്, മരിക്കാവുന്നവനായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. സ്വഭാവത്താൽ അവൻ മരണത്തിനു വിധേയനായിരുന്നു. അവൻ അമർത്യനായി സൃഷ്ടിക്കപ്പെട്ടിരുന്നെങ്കിൽ അവനെ ഒരു വിധത്തിലും നശിപ്പിക്കാൻ കഴിയുമായിരുന്നില്ല. കാരണം നാം കണ്ടപ്രകാരം അമർത്യത മരണം ഭവിക്കാൻ കഴിയാത്ത, മരണാതീതമായ ഒരവസ്ഥയാണ്.

ഈ നിലയ്ക്കു പാപംചെയ്യും മുമ്പ് ആദാമിന്റെ അവസ്ഥ എന്തായിരുന്നു.? ശാപം ഏതുനിലയിലാണ് അവനെ ബാധിച്ചത്? മർത്യനായിട്ടാണു അവൻ സൃഷ്ടിക്കപ്പെട്ടതെങ്കിൽ അവനു ഏതു പ്രകൃതിയിലുള്ള ജീവനാണു നഷ്ടപ്പെട്ടത്?

ജീവനെ സംബന്ധിച്ച അവന്റെ അവസ്ഥ ദൂതന്മാരുടേതിനൊപ്പമായിരുന്നു എന്നാണു ഞങ്ങളുടെ മറുപടി. അവനു പരിപൂർണ്ണ അളവിൽ ജീവനുണ്ടായിരുന്നു. ദൈവത്തോടു അനുസരണമുള്ളവനായി വർത്തിച്ചിരുന്നെങ്കിൽ ആ ജീവൻ അവന് എന്നേക്കും നിലനിറുത്താമായിരുന്നു. എന്നാൽ അവൻ മരണത്തിനതീതനല്ലാതിരുന്നതിനാൽ, അവനു അവനിൽത്തന്നെ ജീവനില്ലാതിരുന്നതിനാൽ, മറിച്ചു അതിന്റെ നിലനില്പ് ദിവ്യപ്രീതിയേയും ആനുകൂല്യത്തെയും ആശ്രയിച്ചിരുന്നതിനാൽ അവൻ അനുസരിക്കാത്തപക്ഷം മരിക്കുമെന്ന ദൈവശാസന അർത്ഥവത്തായിരുന്നു. അവൻ മർത്യനല്ലായിരുന്നുവെങ്കിൽ ദൈവത്തിന്റെ തീർപ്പു ഒരു വ്യർത്ഥഭീഷണിയാകുമായിരുന്നു. അനുസരണമുള്ളവനായിരുന്നെങ്കിൽ എന്നേക്കും തുടരാമായിരുന്ന ആദാമിന്റെ പൂർണ്ണജീവൻ അനുസരണക്കേടുനിമിത്തം അന്യാധീനപ്പെടുത്തുകയും അവൻ മരിക്കുകയും ചെയ്തു.

## യഹോവ സ്വഭാവത്തിൽ അമർത്യൻ

സ്വഭാവത്താൽ താൻ മാത്രം അമർത്യതയുള്ളവനും തന്നിൽതന്നെ ജീവനുള്ളവനും സകലത്തിനും കാരണഭൂതനുമായവൻ യഹോവയാം ദൈവമത്രെ. അവൻ അമർത്യതയും ദിവ്യപ്രകൃതിയും ഒഴികെ യുക്തിബോധവും ധർമ്മാധർമ്മവിവേകവും സംബന്ധിച്ചു തന്റെ സാദൃശ്യത്തിൽ ദൂതന്മാരുടെയും മനുഷ്യരുടെയും വിഭിന്ന പടികളിൽ ഉള്ള ജീവികളെ സൃഷ്ടിച്ചശേഷം ഒരു പുതിയ സൃഷ്ടിയെ സംബന്ധിച്ച നിർണ്ണയം പ്രഖ്യാപിച്ചു. ധർമ്മാധർമ്മവിവേചനയിലും യുക്തിബോധത്തിലുമുള്ള സാദൃശ്യത്തിനു പുറമേ ഈ പടിയിലുള്ളവർ അവന്റെ

തത്വത്തിന്റെ സമ്പൂർണ്ണ പ്രതിമയും അവന്റെ ദിവ്യപ്രകൃതിയുടെ പങ്കാളികളുമായിരിക്കും. ദിവ്യപ്രകൃതിയുടെ ഒരു സുപ്രധാന ലക്ഷണമാണ് അമർത്യത (2 പത്രൊ. 1:4).

## യേശുവും അമർത്യൻ

ആർക്കായിരിക്കും ഈ ഉന്നതമായ ബഹുമതിയും പ്രശസ്തിയും പ്രദാനം ചെയ്യുന്നതെന്നു നാം സാത്ഭുതം ചോദിച്ചുപോകുന്നു. ദൂതന്മാർക്കോ ക്കെറുബുകൾക്കോ സാറാഫുകൾക്കോ അല്ല മറ്റുള്ളവരെക്കാൾ സകലത്തിലും മുമ്പനാകേണ്ടതിനു ആദ്യജാതനും ഏകജാതനു മായ അവന്റെ പുത്രനായിരിക്കും ഈ അതിശ്രേഷ്ഠ പദവി നല്കപ്പെടുന്നത്. തന്റെ കൂട്ടുകാരിൽ പരമായി ഈ ഉയർന്ന ബഹുമതി നൽകപ്പെടും മുമ്പ് അവൻ പരിശോധിക്കപ്പെടുകയും ഈ സമുന്നത സ്ഥാനത്തിനും അന്യാദൃശ പദവിക്കും യോഗ്യനെന്നു തെളിയിക്കപ്പെടുകയും വേണം. ആദാമിനും അവന്റെ കടിപ്രദേശത്തുണ്ടായിരുന്ന സന്താന പരമ്പരകൾക്കും മരണശിക്ഷ വിധിച്ചപ്പോൾ ഈ പരിശോധന വിവക്ഷയിലുണ്ടായിരുന്നു. ആദാമിന്റെയും അവന്റെ ലംഘനത്തിലൂടെ ജീവൻ നഷ്ടപ്പെട്ട എല്ലാവരുടെയും ജീവനുവേണ്ടി മോചനദ്രവ്യമായി ക്രിസ്തു തന്റെ ജീവൻ ബലി നൽകണമെന്നായിരുന്നു ഈ പരീക്ഷ. അവൻ പരീക്ഷയിൽ വിജയിക്കുകയും പ്രതിഫലമായി ദിവ്യപ്രകൃതി, തന്നിൽത്തന്നെ ജീവൻ, അമർത്യത പ്രാപിക്കയും ചെയ്തു.

തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും തത്ഫലമായി ഇപ്പോൾ ദൈവ സിംഹാസനത്തിന്റെ വലത്തുഭാഗത്തു (പ്രീതിയുടെ സ്ഥാനം) ഇരിക്കുകയും ചെയ്യുന്ന ക്രിസ്തുവിനെ ഓർക്കുക. അവൻ സമ്പന്നനായിരുന്നു, നമക്കുവേണ്ടി ദരിദ്രനായിത്തീർന്നു. വീണ്ടെടുക്കപ്പെടേണ്ടിയിരുന്ന വർഗ്ഗം മനുഷ്യപ്രകൃതിയിലായിരുന്നതിനാൽ അവൻ മനുഷ്യനായിത്തീരുന്നത് ആവശ്യമായിരുന്നു. എന്തെന്നാൽ അങ്ങനെയല്ലാതെ മോചനദ്രവ്യം അഥവാ തുല്യവിലയാകാൻ കഴിയുന്നതല്ല. അതുകൊണ്ടു അവൻ തന്നെത്താൻ താഴ്ത്തി ദാസരൂപം എടുത്തു. സ്വഭാവത്തിൽ മനുഷ്യനായശേഷം മരണത്തോളം, ക്രൂശിലെ മരണത്തോളം സ്വയം താഴ്ത്തി. തന്മൂലം ദൈവം അവനെ ഉയർത്തി (അവന്റെ പുനരുത്ഥാനത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന ദിവ്യപ്രകൃതിയോളം) സകല നാമത്തിനും മേലായ ഒരു നാമം നൽകി (യഹോവയുടെ നാമമൊഴികെ) (1 കൊരി. 15:27; എബ്രാ. 12:3,2; 2 കൊരി. 8:9; ഫിലി. 2:8,9) അറുക്കപ്പെട്ട കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യൻ (വെളി. 5:9-12).

## സഭയുടെ തിരഞ്ഞെടുപ്പ്

യേശുക്രിസ്തു എന്ന ഏകന്റെ ഉയർത്തലോടുകൂടി തീർന്നു പോകത്തക്കവിധം ദൈവകൃപ ദരിദ്രമായിരുന്നില്ല. ക്രിസ്തുയേശു നായകൻ എന്ന നിലയിൽ ഒരു സംഘം ദൈവപുത്രന്മാരെ 'തേജസ്സിലേക്കും മാനത്തിലേക്കും അക്ഷതയിലേക്കും' (എബ്രാ. 2:10; റോമ.2:7) നയിക്കുന്നതിനു അതു വ്യവസ്ഥ ചെയ്തു. എന്നാൽ അവർ ഓരോരുത്തരും ആദ്യജാതന്റെ ആത്മിക പ്രതിഛായ അഥവാ സാദൃശ്യമായിരിക്കണം.

ദിവ്യാധികാരത്തിനു ഉത്തമ ദൃഷ്ടാന്തവും പരിണാമവാദത്തിന്റെ പ്രൗഢനിഷേധവുമെന്ന നിലയിൽ ഈ ബഹുമതി പദത്തിലേക്കു വിളിക്കുവാൻ ദൈവം തിരഞ്ഞെടുത്തത് ദൂതന്മാരെയോ കെറുബു കളെയോ അല്ല പ്രത്യുത പാപികളായ മനുഷ്യരിൽനിന്നു കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടുകൊള്ളപ്പെട്ട ചിലരെയാണ്. ഇങ്ങനെ ഉയർത്ത പ്പെടേണ്ടവരുടെ സംഖ്യ ദൈവം നിർണ്ണയിച്ചിട്ടുണ്ട് (വെളി.7:4). ഇപ്രകാരം അത്യന്തം ബഹുമാനിക്കപ്പെടേണ്ട ആ ഗണത്തിൽ ഉൾപ്പെടത്തക്കവിധം സ്വന്തം വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുന്നതിനു അവർക്കുണ്ടാ യിരിക്കേണ്ട സ്വഭാവഗുണങ്ങൾ എന്തായിരിക്കണമെന്നും അവൻ മുൻനിർണ്ണയിച്ചു. ശേഷം പേർ ക്രിസ്തുവിങ്കൽ ഭരമേല്പിക്കപ്പെട്ടിരി ക്കുന്നു. ഇതുവരെ പിതാവു പ്രവർത്തിച്ചപ്രകാരം അവൻ ഇപ്പോൾ പ്രവർത്തിക്കുന്നു (യോഹ. 5:17).

സഭ, ക്രിസ്തുശരീരം, രാജകീയ പുരോഹിതകുലം, 'അബ്രഹാമ്യസന്തതി' (ഗലാ.3:29) എന്നുതുടങ്ങി വിവിധനിലകളിൽ അറിയപ്പെടുന്ന ഈ തിരഞ്ഞെടുപ്പുഗണത്തെ വേർതിരിക്കുന്നതിനുള്ള കാലയളവാണ് ഈ സുവിശേഷയുഗം. തിന്മയുടെ അനുമതിയുടെ ലക്ഷ്യങ്ങളിൽ ഒന്നു ക്രിസ്തു ശരീരത്തിന്റെ ഈ അവയവങ്ങളെ പരിപോഷിപ്പിക്കുകയും തന്റെ വിലയേറിയ രക്തത്താൽ അവരെ വിലയ്ക്കു കൊണ്ടവന്റെ സേവനത്തിൽ വീണ്ടെടുക്കപ്പെട്ടവരായവർക്ക് ബലിചെയ്യുന്നതിനുള്ള അവസരം അവർക്കു നൽകി അതുവഴി അവരുടെ ഹൃദയങ്ങളിൽ അവന്റെ ആത്മിക സാദൃശ്യം വളർത്തിയെടുക്കുകയുമാണ്. തന്മൂലം അവരുടെ കർത്താവും വീണ്ടെടുപ്പുകാരനുമായവൻ അവരെ പിതൃസന്നിധിയിൽ സമർപ്പിക്കുമ്പോൾ ദൈവം അവന്റെ പുത്രന്റെ സ്വരൂപം അവരിൽ കാണുന്നതാണ് (കൊലൊ. 1:22; റോമ. 8:29).

## സഭ അമർത്യത പ്രാപിക്കുന്നു.

മരണത്തോളം അനുസരണമുള്ളവനായിരുന്നുകൊണ്ടു തന്റെ ബലിയുടെ പൂർത്തീകരണം വഴി ജീവിതം സമാപിക്കും വരെ തേജസ്സും മാനവും അക്ഷയതയും ദിവ്യപകൃതിയുടെ മറ്റെല്ലാ വിശേഷ സിദ്ധികളും ആദ്യജാതനു നൽകപ്പെടാതിരുന്ന പ്രകാരമായിരിക്കും ഒരു ഗണമെന്ന നിലയിൽ ഒന്നെന്നു എണ്ണപ്പെടുന്ന അവന്റെ മണവാട്ടിയായ സഭയെ

സംബന്ധിച്ചും. ആദ്യജാതനും നായകനുമായ ക്രിസ്തു തന്റെ പുനരുത്ഥാനത്തിൽ മഹത്വത്തിലേക്കു പ്രവേശിച്ച പ്രകാരം, മരിച്ചവരിൽ നിന്നു ജനിച്ചവനായി, ആത്മാവിൽ നിന്നു ജനിച്ചവനായി അവിടെ അവൻ തികച്ചും ദിവ്യപ്രകൃതിയുടെ ഓഹരിക്കാരനായ പ്രകാരം, അവിടെ അവൻ ദൈവസിംഹാസനത്തിലേക്കും അവന്റെ പരമപ്രസാദത്തിലേക്കും (വലത്തുഭാഗം) അത്യന്തം ഉയർത്തപ്പെട്ട പ്രകാരം അവന്റെ കാന്തയും അവളുടെ ഉയിർപ്പിൽ പുനരുത്ഥാനശക്തിയിൽ മാനുഷികപ്രകൃതിയിൽ നിന്നു ദിവ്യപ്രകൃതിയുടെ തേജസ്സ്, മാനം, അമർത്യത എന്നിവയിലേക്കുള്ള അവസ്ഥാന്തരം പ്രാപിക്കും.

## തിരഞ്ഞെടുപ്പിൽ പെടാത്തവർക്കു യഥാസ്ഥാപനത്തിന്റെ പ്രത്യാശ

കുഞ്ഞാടിന്റെ വിലയേറിയ രക്തത്താൽ എല്ലാവർക്കുമായി മുദ്രയിട്ടിരിക്കുന്ന പുതിയ നിയമത്തിന്റെ വ്യവസ്ഥകൾക്കു വിധേയമായി സഹസ്രാബ്ദനാളിൽ ആദാമ്യവർഗ്ഗത്തിലെ ഓരോ അംഗത്തിനും നിത്യജീവൻ പ്രാപിക്കുന്നതിനുള്ള അവസരം നൽകുക എന്നതാണ് രക്ഷയെ സംബന്ധിച്ച ദൈവനിർണ്ണയം. 'ചെറിയ ആട്ടിൻകൂട്ടം', 'മണവാട്ടി', 'കുഞ്ഞാടിന്റെ കാന്ത' എന്നെല്ലാം വിളിക്കപ്പെടുന്ന സുവിശേഷ യുഗത്തിലെ തിരഞ്ഞെടുപ്പുഗണമായ സഭയ്ക്കല്ലാതെ ആർക്കെങ്കിലും ദിവ്യ പ്രകൃതിയായ അക്ഷയത നൽകപ്പെടുമെന്ന് ഒരിടത്തും യാതൊരു സൂചനയുമില്ല. ആദാമ്യ വർഗ്ഗത്തിലെ ശേഷമുള്ളവർക്കുവേണ്ടി കരുതിയിട്ടുള്ളത് മാനുഷിക പ്രകൃതിയിലെ ജീവനിലേക്കും ആരോഗ്യത്തിലേക്കും പൂർണ്ണതയിലേക്കുമുള്ള പുന:സ്ഥാപനമാണ്. കൃപയിൽ നിന്നു പാപത്തിലേക്കും മരണത്തിലേക്കും വീഴ്ചഭവിക്കും മുൻപു ദൈവത്തിന്റെ ഭൗമിക പ്രതിമ എന്ന നിലയിൽ ആദാം ധരിച്ചിരുന്ന അതേ അവസ്ഥയിലേക്കു തന്നെ.

## ലോകത്തിന്റെ അന്ത്യപരിശോധന

സഹസ്രാബ്ദയുഗത്തിന്റെ ഒടുവിലേക്കു മനുഷ്യവംശത്തിൽ അനുസരിക്കുന്ന ഏവരും, ആദാമിൽ നഷ്ടപ്പെടുകയും ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെടുകയും ചെയ്ത എല്ലാറ്റിനെയും തിരികെ പ്രാപിക്കും. അപ്പോഴേക്കും അവർ നേടിക്കഴിഞ്ഞിട്ടുള്ള സമഗ്രമായ അറിവും അനുഭവസമ്പത്തും മൂലം പരിശോധനയെ സമർത്ഥമായി അഭിമുഖീകരിക്കാൻ പ്രാപ്തരായിത്തീരുമെന്നുള്ളതിനാൽ അവർ ആദാമെന്ന പ്രകാരം എന്നാൽ വ്യക്തിപരമായി നിർദ്ദാക്ഷിണ്യം പരിശോധിക്കപ്പെടും. ദൈവത്തോടും അവന്റെ നീതി യുക്തമായ ക്രമീകരണങ്ങളോടും പുറമേയെന്നപോലെ ഹൃദയപരമായും പൂർണ്ണമായി പൊരുത്തപ്പെട്ടിരിക്കുന്നു എന്നു കാണുന്നവരെ മാത്രമേ സഹസ്രാബ്ദാനന്തരമുള്ള നിത്യഭാവിയിലേക്കു അഥവാ സനാതനലോക (യുഗം)ത്തിലേക്കു പ്രവേശിക്കാൻ അനുവദിക്കൂ. മറ്റെല്ലാവരും രണ്ടാം

മരണത്തിൽ നശിപ്പിക്കപ്പെടും - ജനത്തിന്റെ ഇടയിൽ നിന്നു ഛേദിക്കപ്പെടും (അപ്പൊ. 3:23).

## അമർത്യത തിരഞ്ഞെടുപ്പിൽ പെടാത്തവർക്കുള്ളതല്ല

മേലാൽ മരണവും നെടുവീർപ്പും കരച്ചിലും ഉണ്ടായിരിക്കയില്ലെങ്കിലും അതു സഹസ്രാബ്ദയുഗത്തിലെ ജേതാക്കൾ അമർത്യതയുടെ കിരീടം ചൂടുമെന്നുള്ളതുകൊണ്ടല്ല ധർമ്മാധർമ്മങ്ങളെയും അവയുടെ ഫലങ്ങളെയും തമ്മിൽ വിവേചിക്കുകയാൽ ദൈവത്തിനും നീതിക്കും നിരക്കുന്നവിധം സ്വന്തം സ്വഭാവങ്ങളെ രൂപപ്പെടുത്തുമെന്നതുകൊണ്ടത്രെ. പരിശോധനയിൽ പാപത്തിലേക്കുള്ള വഴി തുറന്നുകിടക്കുകയും പാപത്തിനു ശിക്ഷ ഒന്നും വിധിക്കാതിരിക്കുകയും ചെയ്താലും പാപത്തിലേക്കുള്ള പ്രേരണ അവർക്കുണ്ടായിരിക്കുകയില്ലെന്നു ഈ പരീക്ഷയിലുള്ള അവരുടെ വിജയം തെളിയിക്കുന്നതും ഇതിനു കാരണമാണ്. അവർക്കു അവരിൽത്തന്നെ ജീവനുണ്ടായിരിക്കുകയില്ല. ജീവന്റെ നിലനിൽപ്പിനു ദൈവത്തിന്റെ ഏർപ്പാടിൻപ്രകാരമുള്ള ആഹാരാദി കാര്യങ്ങളിൽ അവർ പിന്നെയും ആശ്രയിക്കേണ്ടിവരും. വെളി. 21:4,6,8; മത്താ.5:6 എന്നീ വേദഭാഗങ്ങളിൽ ഇക്കാര്യം എടുത്തുപറഞ്ഞിരിക്കുന്നു.

തിരുവെഴുത്തിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ അമർത്യത വിഷയം ഹൃദ്യതരമായിത്തീരുന്നു. നിത്യജീവൻ അമർത്യത എന്ന ദൈവദാനം യാതൊരു വ്യവസ്ഥകൾ അനുസരിച്ചാണോ ഒരനുഗ്രഹമായി പരിണമിക്കുന്നത് ആ വ്യവസ്ഥകൾ പാലിക്കുന്ന ഏവർക്കും ലഭിക്കുന്നതിനുള്ള മാർഗ്ഗം ഇതുമൂലം തെളിഞ്ഞുകിട്ടുന്നു. എന്നാൽ അയോഗ്യരെ എല്ലാവരുടെയും മഹാന്യായാധിപനാൽ വിധിക്കപ്പെട്ടിരിക്കുന്ന മാറ്റമില്ലാത്ത നീതിയുക്തമായ ശിക്ഷക്കു പാത്രമായി വിട്ടുകളയുകയും ചെയ്യുന്നു.

## പാപത്തിന്റെ ശമ്പളം മരണം (റോമ. 6:23)

പാപം ചെയ്യുന്ന ആത്മാവോ അതു മരിക്കും യെഹ. 18:4,20. പാപിയെ നേർവഴിക്കാക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽനിന്നു രക്ഷിക്കുകയും പാപങ്ങളുടെ ബഹുത്വം മറയ്ക്കുകയും ചെയ്യും എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ (യാക്കോ. 5:20).

പുത്രനെ വിശ്വസിക്കാത്തവൻ ജീവനെ കാണുകയില്ല. ദൈവകോപം (ശാപം, മരണം) അവന്റെ മേൽ വസിക്കുന്നു (യോഹ. 3:36).

ഇങ്ങനെ ഇതരവിഷയങ്ങളിലെന്നപോലെ ഈ വിഷയത്തിലും തിരുവെഴുത്തിലെ തത്വശാസ്ത്രം ജാതീയ സിദ്ധാന്തങ്ങളെയും ആശയഗതികളെയുംകാൾ വളരെയേറെ സാരവത്തും തെളിവുറ്റതും യുക്തിപൂർവ്വവുമെന്നു നാം കാണുന്നു. ദൈവത്തെ അവന്റെ സത്യവചനത്തിനായും അതിനെ അവന്റെ ജ്ഞാനത്തിന്റെയും

ശക്തിയുടെയും വെളിപ്പാടെന്ന നിലയിൽ അംഗീകരിക്കാൻ ഒരുക്കപ്പെട്ട ഹൃദയങ്ങൾക്കായും നമുക്കു സ്തുതിക്കാം.

## പാപത്തിന്റെ ശമ്പളം

പാപത്തിന്റെ ശമ്പളം മരണമത്രെ. ഏകമനുഷ്യനാൽ പാപവും പാപത്താൽ (പാപത്തിന്റെ ഭവിഷ്യത്ഫലമെന്നവണ്ണം) മരണവും ലോകത്തിൽ കടന്നു (റോമ. 6:23; 5:12).

പാപത്തിന്റെ ശമ്പളം നിത്യദണ്ഡനമാണെന്നുള്ള സഭകളുടെ സിദ്ധാന്തം മേലെഴുതപ്പെട്ട നിശ്വസ്ത വചനങ്ങളാലും ഇനിയും ഉദ്ധരിക്കാവുന്ന പ്രത്യക്ഷവും പരോക്ഷവുമായ അനേകം തിരുവെഴുത്തുകളാലും ശക്തിപൂർവ്വം നിഷേധിക്കപ്പെട്ടിരിക്കുന്നു. വേദപുസ്തകത്തിലെ പ്രസ്താവന തികച്ചും യുക്തിപൂർവ്വമായിരിക്കുന്നു. യുക്തിയിലോ തിരുവെഴുത്തിലോ അടിസ്ഥാനപ്പെടാത്തതും ദൈവത്തിന്റെ വചനത്തിൽ പ്രതിപാദിക്കുന്ന പ്രകാരമുള്ള അവന്റെ നിർണ്ണയത്തിനും സ്വഭാവത്തിനും നേർവിരുദ്ധമായതുമായി ജനസാമാന്യം സ്വീകരിച്ചു വരുന്ന സാധാരണ വീക്ഷണഗതി എത്ര അബദ്ധജടിലം.

## നിത്യദണ്ഡനോപദേശത്തിന്റെ ഉത്ഭവം ജാതീയം

ജാതികളാണ് നിത്യദണ്ഡനോപദേശത്തിന്റെ അവതാരകന്മാർ. പിൽക്കാലത്തു രണ്ടാം നൂറ്റാണ്ടിൽ ജാതീയ സിദ്ധാന്തങ്ങളോടു നാമമാത്ര ക്രിസ്തുമതം ഏകീകരിച്ചപ്പോൾ ഈ ഉപദേശം അതിനോടു ബന്ധപ്പെട്ടു. പിന്നീടാണ് അതു ഇന്നറിയപ്പെടുംവിധം ഒരു ക്രൂര സിദ്ധാന്തമായി പരിണമിച്ചത്. സഭാചരിത്ര പ്രസിദ്ധമായ വിശ്വാസ ത്യാഗത്തോടു കൂടിയാണ് ഇന്നു പൊതുവേ വിശ്വസിച്ചു വരും വിധമുള്ള ഭീഷണങ്ങളായ വിവിധ ദണ്ഡന സമ്പ്രദായങ്ങൾ ജാതീയ തത്വശാസ്ത്രത്തോടു നിബന്ധിക്കുകയും യൂറോപ്പിൽ ചെയ്തതുപോലെ ദേവാലയഭിത്തികളിൽ ഈ ദണ്ഡന സമ്പ്രദായങ്ങളുടെ ചിത്രങ്ങൾ രചിക്കുകയും ഗാനങ്ങളിലും വിശ്വാസപ്രമാണങ്ങളിലും അവ രേഖപ്പെടുത്തുകയും അങ്ങനെ ദൈവത്തിനു അപമാനകരമായ അബദ്ധോപദേശത്തിനു ദിവ്യാനുമതി ഉണ്ടെന്നു തോന്നിക്കുന്നതിനായി തിരുവെഴുത്തുകളെ കോട്ടിക്കളകയും ചെയ്തത്. എന്തും അന്ധമായി വിശ്വസിക്കുന്ന ഇന്നത്തെ ലോകം കർത്താവിൽ നിന്നോ അപ്പൊസ്തലന്മാരിൽനിന്നോ പ്രവാചകന്മാരിൽ നിന്നോ അല്ല, അധികാരത്തിനും സമ്പത്തിനും ആൾപ്പെരുപ്പത്തിനും വേണ്ടിയുള്ള അവിശുദ്ധ വ്യാമോഹത്തിലും വടംവലിയിലും സത്യത്തെയും യുക്തിയെയും ബലികൊടുത്തുകൊണ്ടു ക്രൈസ്തവ സിദ്ധാന്തങ്ങളെ ലജ്ജാവഹമാം വണ്ണം കോട്ടിക്കളഞ്ഞ ലോകവേഴ്ചയുടെ ആത്മാവിൽ നിന്നാണു ഇതു അവകാശപാത്രമായി പ്രാപിച്ചിരിക്കുന്നത്.

## നിത്യദണ്ഡന സിദ്ധാന്തം നാമമാത്ര ക്രൈസ്തവർ സ്വീകരിക്കുന്നു.

പൂർവ്വയുഗങ്ങളിലെ പിതാക്കന്മാരോ യഹൂദയുഗത്തിലെ പ്രവാചകന്മാരോ കർത്താവോ അപ്പൊസ്തലന്മാരോ പാപത്തിന്റെ ശിക്ഷ എന്ന നിലയിൽ നിത്യദണ്ഡനം ഉപദേശിച്ചിരുന്നില്ല. എന്നാൽ ഇത് വിശ്വാസത്യാഗ കാലം മുതൽ നാമമാത്ര ക്രൈസ്തവസഭയുടെ ഒരതിപ്രധാന വിശ്വാസ വിഷയമായിരുന്നു. സ്വേഛാധിപത്യത്തെ അടിമകളെപ്പോലെ സേവിച്ചനുസരിക്കത്തക്കവിധം ക്ഷിപ്രവിശ്വാസികളും അജ്ഞരും അന്ധവിശ്വാസികളുമായ ലോകത്തെ അടിച്ചമർത്തുന്നതിനുള്ള ഒരു മർദ്ദനസാമഗ്രിയായിരുന്നു ഇത്. റോമായുടെ അധികാരത്തെ എതിർക്കുകയോ തിരസ്കരിക്കുകയോ ചെയ്ത ഏവർക്കും നേരേ നിത്യദണ്ഡനത്തിലെ ഭീഷണി പ്രഖ്യാപിക്കപ്പെട്ടു. അവൾക്കു അധികാരമുണ്ടായിരുന്ന കാലത്തോളം ഈ ആയുസ്സിൽതന്നെ അതിന്റെ പ്രയോഗം ആരംഭിക്കുവാൻ തുടങ്ങുകയും ചെയ്തു. അനുസരണത്തിൽ നിന്നുള്ള അതിനിസ്സാരമായ വ്യതിയാനത്തിനുപോലും അവൾ സ്വന്തം അനുയായിവൃന്ദത്തിന്മേൽ അവൾക്കു ആവുംവിധത്തിൽ ശുദ്ധീകരണ സ്ഥലത്തെ യാതനകൾ വിധിച്ചു. തന്നെത്താൻ ഉയർത്തപ്പെട്ട സമസൃഷ്ടങ്ങളോടുള്ള അന്ധമായ ഭക്തിയുടെ കനത്ത ശൃംഖലയിൽ കുടുങ്ങി ദൈവത്തിന്റെ യഥാർത്ഥ നിർണ്ണയത്തെപ്പറ്റിയുള്ള അജ്ഞതയാൽ, നിത്യദൗർഭാഗ്യത്തെ സംബന്ധിച്ച ദുരന്തഭയത്താൽ പീഢിതരായി ജനാവലി സ്വന്തം യുക്തിബോധത്തെയും ദൈവവചനത്തെയും പുറംതള്ളി. ഉത്തരോത്തരം വർദ്ധമാനമായിവരുന്ന ഇക്കാലത്തെ വെളിച്ചത്തിൽപോലും മതത്തെയും വേദപുസ്തകത്തെയും സംബന്ധിച്ചു സ്വതന്ത്രമായി ചിന്തിക്കാൻ മനുഷ്യൻ ധൈര്യപ്പെടുന്നില്ല (യെശ. 29:13).

സഭയുടെ ജാതീയ പാരമ്പര്യങ്ങൾക്കു പകരം ദൈവത്തിന്റെ വിശ്വസ്ത ലേഖകന്മാർ പറയുന്നതു നമുക്കു ശ്രദ്ധിക്കാം. ഏതു ശരി ഏതു തെറ്റ് എന്നു യുക്തിതന്നെ വിധിക്കട്ടെ.

## പഴയനിയമം ദണ്ഡനോപദേശം പഠിപ്പിക്കുന്നില്ല

4000 വർഷങ്ങളുടെ അന്തരമുൾക്കൊള്ളുന്ന ദിവ്യവെളിപ്പാടായ പഴയനിയമം ഒന്നാമതു പരിശോധിക്കാം. പഴയനിയമ പ്രവാചകന്മാർ നിത്യദണ്ഡനത്തെ സംബന്ധിച്ചു ഒരക്ഷരം ഉരിയാടുന്നില്ല. എന്നാൽ പാപികളുടെ ഗതി നിത്യനാശമായിരിക്കുമെന്നു ആവർത്തിച്ചു പ്രസ്താവിക്കുകയും യഹോവയുടെ ശത്രുക്കൾ പട്ടുപോകുമെന്നു വീണ്ടും വീണ്ടും പ്രഖ്യാപിക്കുകയും ചെയ്യുന്നു. മോശെ മുഖാന്തരം യിസ്രയേലിനു നൽകപ്പെട്ട ന്യായപ്രമാണം അതിനെ ലംഘിക്കുന്നവർക്കു മരണ ശിക്ഷയൊഴികെ മറ്റൊന്നും സൂചിപ്പിക്കുകപോലും ചെയ്യുന്നില്ല. ഏദനിൽ പരിശോധനയിൽ ആയിരുന്നപ്പോൾ ആദാമിനു നൽകപ്പെട്ട മുന്നറിയിപ്പിൽ അനുസരണക്കേടോ തോൽവിയോ ഭവിക്കുന്ന പക്ഷം വരേണ്ടതായ

നിത്യദണ്ഡനത്തെ സംബന്ധിക്കുന്ന വിദൂരസൂചനപോലും കാണാൻ കഴിയുന്നില്ല. നേരെമറിച്ചു മരണമായിരിക്കും ശിക്ഷയെന്നു വ്യക്തമായി അതു പ്രസ്താവിക്കുന്നുണ്ട്. അതിൽ നിന്നു ഭക്ഷിക്കുന്ന നാളിൽ നീ ചാകവേ ചാകും (ഉല്പ. 2:17 മാർജിൻ; 2 പത്രൊ. 3:8– നോടു ഒത്തു നോക്കുക.

അനുസരണക്കേടിനും തോൽവിക്കുമുള്ള ശിക്ഷ യാതനയിലുള്ള നിത്യജീവിതമായിരുന്നെങ്കിൽ ഈ വിഷയം സംബന്ധിച്ചു സത്യവിരുദ്ധമായ ധാരണ നൽകുകയും മരണമാണു ശിക്ഷയെന്നു പ്രസ്താവിക്കുകയും ചെയ്തതിനാൽ ആദാമിനോടും പൂർവ്വപിതാക്കന്മാരോടും യഹൂദ ജനതയോടും നിശ്ചയമായും അക്ഷന്തവ്യമായ അപരാധമാണു ദൈവം പ്രവർത്തിച്ചത്. ആദാമും പൂർവ്വപിതാക്കന്മാരും യഹൂദ ജനതയും നിത്യയാതനയിൽ അകപ്പെട്ടു എന്നു കാണുന്ന പക്ഷം–ക്രൈസ്തവ മണ്ഡലത്തിലെ വിഭിന്ന മതോപദേശങ്ങളുടെ സിദ്ധാന്തപ്രകാരം ലോകജനാവലിയിൽ വമ്പിച്ച ഭൂരിപക്ഷം ഇവിടെചെന്നു കുടുങ്ങുമല്ലോ–നീതിക്കുവേണ്ടി അപ്പീൽ കൊടുക്കുവാൻ അവർക്കു മതിയായ ന്യായമുണ്ടായിരിക്കും. അജ്ഞതയിലും തന്മൂലം വിശ്വാസം കൂടാതെയും മൺമറഞ്ഞ കോടിക്കണക്കായ പുറംജാതികളേക്കാൾ ഒട്ടും കുറയാത്ത അളവിൽ ഇങ്ങനെയുള്ളവർക്കു അധികാരത്തിന്റെ അതിനിഷ്ഠൂരമായ ദുർവിനിയോഗമെന്ന നിലയിൽ ഇവ്വിധമായ ഒരു ശിക്ഷയുടെ നീതികേടിനെ അപലപിക്കാൻ തീർച്ചയായും മതിയായ ന്യായമുണ്ടായിരിക്കും. ഒന്നാമത് അവരുടെ സമ്മതംകൂടാതെ ഇത്ര ഭയാനകവും യുക്തിശൂന്യവുമായ ശിക്ഷയ്ക്ക് വിധേയമായ പരിശോധന അവർക്കു നൽകുന്നത്. രണ്ടാമതു ഇപ്രകാരമുള്ള ശിക്ഷയെ സംബന്ധിച്ചു ഒരു വിഭാഗത്തെ അജ്ഞരായി വിടുകയും മറ്റുള്ളവരെ പാപത്തിന്റെ ശിക്ഷ മരണം അഥവാ നാശമാണ് എന്നുപദേശിച്ചുകൊണ്ട് വഴിതെറ്റിക്കുകയും ചെയ്തത്. മരണം, സംഹാരം, വിനാശം എന്നീ ശബ്ദങ്ങളും തത്തുല്യങ്ങളായ പ്രയോഗങ്ങളും യാതനയിലുള്ള ജീവനെയാണു കുറിക്കുന്നതെന്നവാദം അപ്പൊസ്തലന്മാരുടെ കാലം മുതൽ കണ്ടുവരുന്ന വചനം കോട്ടിക്കളയുന്ന വേദശാസ്ത്രികളുടെ സമ്പ്രദായത്തിനൊത്തതാണ്. കാരണം ഞങ്ങൾ തെളിയിക്കുവാൻ പോരുന്ന പ്രകാരം അപ്പൊസ്തലന്മാർ ഇപ്രകാരമൊന്നും ഉപദേശിച്ചിട്ടില്ല.

## പുതിയ നിയമം ദണ്ഡനോപദേശം പഠിപ്പിക്കുന്നില്ല

പുതിയ നിയമലിഖിതങ്ങൾ പരിശോധിക്കുക. ദൈവത്തിന്റെ ആലോചന മുഴുവൻ വെളിപ്പെടുത്താൻ താൻ മടിച്ചിട്ടില്ല എന്നു വിശുദ്ധ പൗലൊസ് പറയുന്നു (അപ്പൊ. 20:27). എന്നിട്ടും നിത്യദണ്ഡനത്തെ സംബന്ധിച്ചു അവൻ ഒരു വാക്കും എഴുതിയിട്ടില്ല. പത്രൊസ്, യാക്കോബ്, യോഹന്നാൻ എന്നിവരും അങ്ങനെ തന്നെ. എങ്കിലും വെളിപ്പാടു പുസ്തകത്തിലെ പ്രതിരൂപങ്ങളിൽ യോഹന്നാൻ അങ്ങനെ എഴുതിയിട്ടുണ്ടെന്നു

ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇങ്ങനെയവകാശപ്പെടുന്നവർ വെളിപ്പാടു പുസ്തകം തങ്ങൾ ഗ്രഹിക്കാത്തതും ഗ്രഹിക്കാൻ കഴിയാത്തതുമായ മുദ്രയിടപ്പെട്ട ഒരു ഗ്രന്ഥമായി പരിഗണിക്കയാൽ അതിന്റെ ഏതെങ്കിലും ഭാഗം അതിന്റെ പ്രതിരൂപാത്മകസ്വഭാവത്തിന് വിരുദ്ധമായി വിശുദ്ധയോഹന്നാന്റെ സുഗ്രഹങ്ങളും പ്രതിരൂപാത്മകങ്ങളല്ലാത്തതുമായ ലേഖനങ്ങളുൾപ്പെടെ ഇതര വേദഭാഗങ്ങൾക്കു നേർവിപരീതമായും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിപ്പാൻ അവർക്കു അവകാശമില്ല.

അപ്പൊസ്തലന്മാർ നിത്യദണ്ഡനത്തെ സംബന്ധിച്ചു ഒരു പ്രസ്താവനപോലും ചെയ്തിട്ടില്ലാത്തതിനാൽ എല്ലാ സത്യാന്വേഷകരും, വിശേഷിച്ചു ക്രിസ്ത്യാനികൾ അന്ധകാരയുഗങ്ങളിലെ വിശ്വാസ ത്യാഗിയായ സഭയല്ല അപ്പൊസ്തലന്മാരാണു ദൈവത്തിന്റെ ആലോചന മുഴുവനായി ഉപദേശിച്ചു തന്നത് എന്ന് ഓർത്തുകൊണ്ടു പാപത്തിന്റെ ശിക്ഷയെ സംബന്ധിച്ചു അവരെന്താണ് പഠിപ്പിച്ചത് എന്നന്വേഷി ക്കുന്നതിൽ തല്പരരായിരിക്കണം.

അപ്പൊസ്തലനായ പൗലൊസ് ഈ വസ്തുത ഇങ്ങനെ ഉപദേ ശിക്കുന്നു: പാപത്തിന്റെ ശമ്പളം മരണം. അനുസരണം കെട്ടവർ കർത്താവിന്റെ സന്നിധിയിലും അവന്റെ വല്ലഭത്വത്തിന്റെ മഹത്വത്തിലും നിന്നകന്ന് നിത്യനാശം എന്ന ശിക്ഷാവിധി പ്രാപിക്കും. അനേകരും ക്രിസ്തുവിന്റെ ക്രൂശിനു ശത്രുക്കളായി നടക്കുന്നു. അവരുടെ അവസാനം നാശം (റോമ. 6:23; 2 തെസ്സ. 1:9; ഫിലി. 3:19).

അപ്പൊസ്തലനായ യോഹന്നാൻ പറയുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു. ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും നിലനിൽക്കുന്നു........ പാപം ചെയ്യുന്നവൻ പിശാചിൽ നിന്നുള്ളവൻ. കാരണം പിശാചു ആദിമുതൽ പാപം ചെയ്യുന്നു. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി....... സഹോദരനെ സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു. സഹോദരനെ പകയ്ക്കുന്നവൻ കുലപാതകനാകുന്നു. യാതൊരു കുലപാതകനും നിത്യജീവൻ ഉള്ളിൽ വസിച്ചിരിക്കുന്നില്ല..... പുത്രൻ ഉള്ളവനു ജീവൻ ഉണ്ട്. ദൈവപുത്രൻ ഇല്ലാത്തവനു ജീവൻ ഇല്ല (1 യോഹ. 2:17; 3:8,14,15; 5:12).

പത്രൊസപ്പൊസ്തലൻ പറയുന്നു: അനുസരിക്കാത്തവർ 'ജനത്തിന്റെ ഇടയിൽ നിന്നു ഛേദിക്കപ്പെടും'. ദുഷ്പ്രവൃത്തിക്കാർ തങ്ങൾക്കുതന്നെ ശീഘ്രനാശം വരുത്തും. 'ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടണമെന്നു കർത്താവ് ഇച്ഛിക്കുന്നു' (അപ്പൊ. 3:23; 2 പത്രൊ 2:1; 3:9) യാക്കോബപ്പൊസ്തലനാകട്ടെ 'പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു', 'രക്ഷിപ്പാനും നശിപ്പിപ്പാനും ശക്തനായ ന്യായപ്രമാണ കർത്താവ് ഒരുവൻ' എന്നു പറയുന്നു (യാക്കോ. 1:15; 4:12).

## യഥാർത്ഥശിക്ഷ കഠിനമെങ്കിലും നീതിയുക്തം

തിരുവെഴുത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന പ്രകാരം ഈ വിഷയം അദ്ധ്യയനം ചെയ്തിട്ടുള്ള ആർക്കും പാപത്തിന്റെ ശിക്ഷ തീരെ ലഘുവായിപ്പോയി എന്നു ഗണിക്കാൻ കഴിയുകയില്ല. അതു തീരെ ലഘുവോ അതിദാരുണമോ അല്ല, കേവലം നീതിയുള്ള പ്രതികാരമാണ്. ദൈവത്തിന്റെ ദാനമോ നിത്യജീവൻ തന്നെ എന്നു അപ്പൊസ്തലൻ പറയുന്നു: ആദാമിനും അവനിലൂടെ അവന്റെ സന്താനപരമ്പരക്കും നല്കപ്പെട്ട ഈ ദിവ്യദാനം അതു സമുചിതമാംവണ്ണം വിനിയോഗിക്കുന്നെങ്കിൽ മാത്രമേ തുടർന്നു ലഭിപ്പാൻ അവകാശമുണ്ടായിരിക്കുമായിരുന്നുള്ളു. അതായതു മത്സരവും പാപവും നിമിത്തം ദൈവത്തെ അനാദരിക്കാതെ തങ്ങളുടെ സുഭിക്ഷതയിൽ സുകൃതികളായിരുന്നുകൊണ്ടു ദൈവത്തെ ബഹുമാനിക്ക എന്നുതന്നെ.

സൃഷ്ടികർത്താവായ ദൈവത്തിനു തുടർന്നു നിലനില്ക്കുന്നതിനു അയോഗ്യമെന്നു കാണുന്നതിനെ സംഹരിക്കുന്നതിനുള്ള അവകാശവും ശേഷിയും അവനിൽതന്നെ നിക്ഷിപ്തമായിരിക്കുന്നു. മനുഷ്യൻ ലംഘനക്കാരനായപ്പോൾ ദൈവദത്തമായ ഈ കൃപ കേവലം പിൻവലിക്കപ്പെട്ടു. കാരണം അവൻ അതു ദുരുപയോഗപ്പെടുത്തി. മരിച്ചുകൊണ്ടിരിക്കലും (മൃത്യുന്മുഖതയും) അതായതു വേദനയും രോഗവും മാനസികവും സാന്മാർഗ്ഗികവും ശാരീരികവുമായ ജീർണ്ണതയും തുടർന്നു മരണവും (നാശവും) സംഭവിച്ചു.

ദൈവം ഒരു വീണ്ടെടുപ്പുകാരനെ എഴുന്നേല്പിക്കാതിരുന്നെങ്കിൽ ആദാമിൽ നമ്മുടെ വർഗ്ഗത്തിനു വന്നുകൂടിയ മരണശിക്ഷ നിത്യമായിരിക്കുമായിരുന്നു. എന്നാൽ ദിവ്യകരുണയിൽ എല്ലാവരും മരണത്തിൽ നിന്നു ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും എല്ലാവരും വ്യക്തിപരമായി മാറ്റമില്ലാത്ത അതേ ദിവ്യപ്രമാണത്തിനു വിധേയരാവണം. പാപത്തിന്റെ ശമ്പളം മരണം, ദൈവത്തിന്റെ ദാനമോ യേശുക്രിസ്തുവിൽ നിത്യജീവൻ (റോമ.6:23) എന്നതത്രേ അതു.

## ദണ്ഡനസിദ്ധാന്തം യേശുക്രിസ്തു ഉപദേശിച്ചോ?

നിത്യദണ്ഡനം എന്ന പ്രയോഗം നമ്മുടെ കർത്താവായ യേശു എപ്പോഴെങ്കിലും ഉപയോഗിച്ചോ? മനുഷ്യരെ നിത്യദണ്ഡനത്തിൽ നിന്നു രക്ഷിക്കുന്നതിനാണ് അവൻ ലോകത്തിലേക്കു വന്നതെന്നു ഒരിക്കലെങ്കിലും സൂചിപ്പിക്കപോലും ചെയ്തോ? ഇല്ല. എന്നാൽ വാസ്തവം ഇതായിരിക്കുകയും അവനെ നിരസിക്കുന്നതിനാൽ അവർ ഇത്ര ഭയാനകമായ ഒരു ശിക്ഷയിൽ കുടുങ്ങാൻ ഇടയാകുകയും ചെയ്യുമായിരുന്നെങ്കിൽ ഇത്ര സുപ്രധാനമായ ഒരു പരമാർത്ഥം അവരിൽ നിന്നു മറച്ചു വയ്ക്കുന്നത് അവന്റെ പേരിൽ നീതിയോ കരുണയോ ആകുമായിരുന്നില്ല. എന്നാൽ മരണത്തിൽ നിന്നു, നാശത്തിൽ നിന്നു

രക്ഷിക്കുന്നതിനാണ് അവൻ വന്നതു എന്നു അവൻ അവരോടു പറഞ്ഞു. പാപത്തിന്റെ ശിക്ഷയായി എല്ലാവർക്കും മരണംവിധിച്ചിരിക്കെ ഏതെങ്കിലും വിധത്തിൽ ഭാവിജീവിതത്തിനായുള്ള ഒരു പുനരുത്ഥാന പ്രത്യാശ ആർക്കും ഉണ്ടാകാൻ കഴിയുന്നതല്ല. മരണത്തിൽ നിന്നു ആദാമിനു നഷ്ടപ്പെട്ട എല്ലാറ്റിലേക്കും - നീതിയിലേക്ക് അതിന്റെ അവകാശങ്ങളായ നിത്യജീവനിലേക്ക് കൃപയിലേക്ക്-ക്രിസ്തു അവരെ വീണ്ടെടുക്കാത്തപക്ഷം പ്രത്യാശയ്ക്കിടമില്ലാതെ ഏവരും നശിക്കയല്ലാതെ ഗത്യന്തരമുണ്ടാകുമായിരുന്നില്ല. ഈ പരിഗണനയിൽ രക്ഷകൻ എന്ന നമ്മുടെ കർത്താവിന്റെ നാമം വളരെ സാരഗർഭമാണ്. യാതനയിൽ നിന്നുള്ള ഒരു ഉദ്ധാരകനെ അഥവാ രക്ഷകനെയല്ല മരണത്തിൽ നിന്നുള്ള ഒരു രക്ഷകനെയാണ് ഈ പദം സൂചിപ്പിക്കുന്നത്. കർത്താവും അപ്പൊസ്തലന്മാരും ശമര്യഭാഷയാണ് ഉപയോഗിച്ചത്. ആ ഭാഷയിൽ രക്ഷകൻ എന്നുള്ള പദത്തിന് ജീവദാതാവ് എന്നർത്ഥമാണ്.

## ക്രിസ്തുവിന്റെ വേല

നമ്മുടെ കർത്താവ് അവന്റെ വേലയെ സംബന്ധിച്ച് എന്തുപറയുന്നു? ബദ്ധന്മാർക്ക് വിടുതൽ പ്രസംഗിപ്പാനാണ് താൻ വന്നതെന്നു അവൻ പറയുന്നു. എങ്ങനെയുള്ള ബദ്ധന്മാർ? പാപത്തിന്റെ തടവുകാർ-പ്രതിദിനം അതിന്റെ ശമ്പളം പ്രാപിച്ചുകൊണ്ടിരിക്കുന്നവർ, അതായതു ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടു ശവക്കുഴിയാകുന്ന മഹാകാരാഗൃഹത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നവർ. കാരാഗൃഹ വാതിലുകൾ തുറക്കാനാണ് താൻ വന്നതെന്നു അവൻ പറഞ്ഞു. പ്രവാചകനും പറയുന്നതുപോലെ ഈ കാരാഗൃഹം ശവക്കുഴിയല്ലാതെ മറ്റൊന്നുമല്ല (യെശ. 61:1; ലൂക്കൊ.4:18). മനുഷ്യവർഗ്ഗത്തിനു ജീവനുണ്ടാകേണ്ടതിനും തന്നിൽ വിശ്വസിക്കുന്നതിനാൽ ആരും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനായി അനേകർക്കുവേണ്ടി തന്റെ ജീവൻ മറുവിലയായി കൊടുക്കുന്നതിനുമാണ് താൻ വന്നതെന്നു അവൻ പ്രഖ്യാപിച്ചു. ജീവനിലേക്കു നയിക്കുന്ന വഴി ഇടുങ്ങിയതും നാശത്തിലേക്കു പോകുന്ന വഴി വീതിയുള്ളതും എന്നും അവൻ പ്രസ്താവിച്ചു (യോഹ. 10:10; മത്താ.20:28; യോഹ.3:16; മത്താ.7:13).

ക്രൈസ്തവർ പൊതുവിൽ ക്രിസ്തു മനുഷ്യരെ തന്റെ മരണംകൊണ്ടാണ് വീണ്ടെടുത്തത് എന്നു സമ്മതിക്കും. മനുഷ്യനെ പാപത്തിന്റെ ശിക്ഷയിൽ നിന്നു മോചിപ്പിക്കുന്നതിനായി ആ ശിക്ഷ അവൻ മനസാ സഹിച്ചു എന്നും അവർ സമ്മതിക്കും. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു. 'അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെ മേലായി അവന്റെഅടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു' (യെശ. 53:4,5).

## ഖണ്ഡിക്കാനാവാത്ത ഒരു വാദഗതി

ഈ വസ്തുത സമ്മതിച്ചുകഴിഞ്ഞാൽ നമ്മുടെ പാപങ്ങളുടെ ശിക്ഷ എന്തായിരുന്നുവെന്നു സംശയോപരി തീരുമാനിക്കുന്നതു എളുപ്പമായി ത്തീരുന്നു. അതിന് നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ ക്രിസ്തുവിൻമേൽ ചുമത്തപ്പെട്ടപ്പോൾ അവനു എന്താണനുഭവിക്കേണ്ടി വന്നത് എന്നു നാം മനസ്സിലാക്കേണ്ടതേയുള്ളു. അവൻ നമുക്കുവേണ്ടി നിത്യയാതന സഹിക്കുകയാണോ? അങ്ങനെയെങ്കിൽ നമ്മുടെ പാപങ്ങൾക്കുള്ള ശിക്ഷ അതാണെന്നു അങ്ങനെ തെളിയും. എന്നാൽ അങ്ങനെ ആരും അവകാശപ്പെടുന്നില്ല. തിരുവെഴുത്തും അതിനു വിപരീതമായി നമ്മുടെ കർത്താവ് ഇപ്പോൾ മഹത്വത്തിലാണ്, ദണ്ഡനത്തിലല്ല എന്നു പഠിപ്പിക്കുന്നു. പാപത്തിനുള്ള ശമ്പളം ദണ്ഡനമല്ല എന്നതിനുള്ള എതിരില്ലാത്ത തെളിവാണത്.

നമ്മുടെ പാപങ്ങളുടെ നിർമ്മാർജ്ജനത്തിനു നമ്മുടെ കർത്താവ് ആ നിലയ്ക്ക് എന്തു ചെയ്തു? നമുക്കുവേണ്ടി അവൻ മറുവിലയാ യിത്തീർന്നപ്പോൾ പാപികൾക്കെതിരായ ശിക്ഷയോ വിലയോ ആയി അവൻ എന്താണ് നൽകിയത്?

തിരുവെഴുത്തുകൾ മറുപടി പറയട്ടെ. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു എന്നു അതു ആവർത്തിച്ചു വ്യക്തമായും പ്രസ്താവിക്കുന്നു. ശിക്ഷ വിധിക്കപ്പെട്ട പാപികൾക്കുവേണ്ടി ജീവൻ സമ്പാദിക്കുന്നതിനായി അവൻ തന്റെ പ്രാണൻ മറുവിലയായി നല്കിയെന്നും തന്റെ വിലയേറിയ രക്തത്താൽ അവൻ നമ്മെ വിലക്കുകൊണ്ടു എന്നും ഇതിനായി ദൈവപുത്രൻ ജഢത്തിൽ വെളിപ്പെട്ടുവെന്നും ലോകത്തിന്റെ ജീവനായി അവൻ തന്റെ മാംസം നൽകേണ്ടതാണെന്നും മനുഷ്യൻ മൂലം (ആദാം) മരണമുണ്ടായതുപോലെ മനുഷ്യൻമൂലം (മനുഷ്യനായ ക്രിസ്തുയേശു) മരിച്ചവരുടെ പുനരുത്ഥാനമുണ്ടാകണമെന്നും തിരുവെഴുത്തുകൾ വീണ്ടും വീണ്ടും തെളിവായി പറയുന്നു. (1 കൊരി. 15:3; മത്താ.20:28; 1 തിമൊ. 2:5,6; ഹോശ. 13:14; 1കൊരി.6:20; 1 പത്രൊ.1:18,19; 1 യോഹ. 3:8; യോഹ. 6:51; 1 കൊരി. 15:21).

പാപത്തിന്റെ ശമ്പളം മരണമെന്നു തെളിവായ വേദസിദ്ധാന്തത്തെ സംശയിക്കുന്നതിനു ഇനിയും വല്ല ന്യായവുമുണ്ടോ? നിത്യ ദണ്ഡനമെന്ന ജാതീയ സിദ്ധാന്തത്തെ വേദവിരുദ്ധവും യുക്തി ശൂന്യവുമെന്നു ഗ്രഹിക്കുന്നതിനു ഇനിയും വല്ല തടസ്സവുമുണ്ടോ?

## പാപത്തിന്റെ ശമ്പളം മരണം

പാപത്തിന്റെ ശമ്പളം എങ്ങനെയായാലും യാതൊരർത്ഥത്തിലും നിത്യദണ്ഡനമല്ല മരണമാണു എന്നു കാണിക്കുന്ന ഒരു സംഗ്രഹത്തോടെ ഞങ്ങൾ ഉപസംഹരിക്കട്ടെ.

**എ. അതിന്റെ തെളിവ്**

1. നേരേയുള്ള ഭാഗങ്ങൾ: ഉല്പ. 2:17; യിര. 31:30; റോമ. 1:32; 5:12,15,17; 6:16,21,23; 7:5; 1 കൊരി 15:21,22,56; യാക്കോ. 1:15; 1 യോഹ. 5:16.
2. സമാന്തരഭാഗങ്ങൾ : ഉല്പ. 3:19; റോമ. 1:18; 5:16,18,19.

**ബി. അതിന്റെ സ്വഭാവം**

1. ജീവനല്ല: ആവ. 30:15,19; റോമ. 5:21; 6:23; 8:13; ഗലാ.6:8.
2. മറിച്ചു ഉന്മൂലനം

i. ആസ്തിക്യമില്ലായ്മ : ഇയ്യോ. 6:15,18; 7:9; സങ്കീ. 37:10, 35,36; 49:12; 104:35

ii. സംഹാരം : ഇയ്യോ. 31:3; സങ്കീ. 9:5; 37:38; 145:20; യെശ. 1:28; 1 കൊരി.3:17; ഫിലി. 3:19; 2തെസ്സ. 1:9; 1 തിമൊ. 6:9; 2 പത്രൊ. 2:1,12; 3:16.

iii. ദഹനം : സങ്കീ. 104:35; യെശ. 1:28; എബ്രാ. 12:29.

iv. വിഴുങ്ങിക്കളയൽ: യെശ. 1:20; എബ്രാ. 10:26-28.

v. നശിച്ചുപോകൽ: (എ) തെളിവ്: ഇയ്യോ. 4:9; 6:15,18; സങ്കീ. 73:27; സദൃ. 11:10 (ബി) നശിച്ചുപോക എന്നതിന്റെ അർത്ഥം: സങ്കീ. 37:20; മത്താ. 8:25,32; ലൂക്കൊ. 11:50,51; 13:33; യോഹ. 3:16.

vi. ഛേദനം: സങ്കീ. 37:9,22,34,38.

**സി.അതിന്റെ ഫലം : ദേഹിക്കും ദേഹത്തിനും ഒരുപോലെ നാശം**

i. ദേഹി മരിക്കുന്നു: ഇയ്യോ. 36:14 (മാർജിൻ); സങ്കീ. 56:13; 78:50; 116:8; യെഹെ. 18:4,20; യാക്കോ. 5:20.

ii. മൃതമായ ദേഹി ജീവനോടെ ഇരിക്കുന്നില്ല. സങ്കീ. 22:29; 30:3; 33:18,19; യെശ. 55:3; യെഹെ. 13:19; 18:27.

iii. മരിച്ചദേഹി അവസാനിക്കുന്നു: സങ്കീ. 49:8.

iv. ദുഷ്ടദേഹി നശിപ്പിക്കപ്പെടുന്നു: സങ്കീ. 35:17; 40:14; സദൃ. 6:32; യെഹെ. 22:27; മത്താ. 10:28; അപ്പൊ. 3:23; യാക്കോ. 4:12.

v. ദുഷ്ടദേഹി ദഹിപ്പിക്കപ്പെടുന്നു: യെശ. 10:18.

vi. ദുഷ്ടദേഹി വിഴുങ്ങപ്പെടുന്നു: യെഹെ. 22:25.

vii.ദുഷ്ടദേഹി നശിക്കുന്നു: മത്താ. 16:25,26 (ദേഹി എന്നതിനുള്ള ഗ്രീക്കുപദം ഇവിടെ ജീവൻ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നു. ദുഷ്ടന്റെ ആത്മാവ് ഛേദിക്കപ്പെടുന്നു: ലേവ്യ 22:3; സംഖ്യ. 15:30.

**ഡി. അതിന്റെ പൊരുത്തം**

1. ഇത് വേദധ്വനിയാണ്
2. എല്ലാ വേദഭാഗങ്ങളോടും ഇതു പൊരുത്തപ്പെട്ടിരിക്കുന്നു.

3. എല്ലാ വേദസിദ്ധാന്തങ്ങളോടും ഇതു പൊരുത്തപ്പെട്ടിരിക്കുന്നു.
4. ഈ ശിക്ഷ നടപ്പാക്കാൻ കഴിയുമെന്നതുകൊണ്ടു അതിൽ തന്നെ പൊരുത്തമുള്ളതാണ്.
5. ദൈവത്തിന്റെ സ്വഭാവത്തിനു അതു ചേർച്ചയായിരിക്കുന്നു.
6. ക്രിസ്തുവിന്റെ മറുവില അഥവാ മരണത്തിനു ഇതു ചേർച്ചയായിരിക്കുന്നു.
7. സുബോധത്തിന്റെ ആത്മാവിനു യോജിച്ചതാണിതു.
8. ഇതു അനുഭവ നിരീക്ഷണങ്ങൾക്കു ഒത്തതായിരിക്കുന്നു.
9. ഇതു ഭക്തിക്കു ചേർന്നതാണ്.
10. ഇതു യുക്തിക്കു നിരക്കുന്നതാണ്.
11. പാപം നിന്നുപോകുമെന്ന സിദ്ധാന്തത്തിന് ഇത് അനുയോജ്യമാണ്.
12. ദുഷ്ടതയ്ക്കു അറുതിയുണ്ടാകുമെന്ന സിദ്ധാന്തത്തിന് ഇതു ചേർച്ചയായിരിക്കുന്നു.
13. ജീവൻ ദാനമെന്ന നിലയിലുള്ള ഒരു പ്രതിഫലമാണെന്ന സിദ്ധാന്തത്തിന് ഇതു ചേർച്ചയായിരിക്കുന്നു.
14. അന്ധകാരയുഗങ്ങൾക്കു മുൻപു ദൈവജനങ്ങളുടെ ഇടയിൽ നിലവിലിരുന്ന ഒരു സിദ്ധാന്തമാണ് ഇത്.
15. ഇതു ദൈവത്തിന്റെയും അവന്റെ ഭൃത്യന്മാരുടെയും ഉപദേശമാണ്.
16. മതപരമായ സഹിഷ്ണതയ്ക്കും സ്വാതന്ത്ര്യത്തിനും അതു പ്രേരകമാകുന്നു.
17. നീതിയുടെ ന്യായാസനത്തിൻ മുമ്പിൽ ഏവരും തുല്യരാണെന്ന വസ്തുതക്കു ഇതു തെളിവാണ്.
18. പാപത്തിന്റെ ശിക്ഷയെ സംബന്ധിച്ച ക്രിസ്തുവിന്റെ ഉപദേശമാണിത്.
19. ആത്മാവിന്റെ യഥാർത്ഥ പ്രകൃതിയെ ആധാരമാക്കിയിരിക്കുന്ന ഒന്നാണിത് .
20. വേദത്തിൽ പറയുന്ന നരകത്തോടു ഇതു യോജിപ്പായിരിക്കുന്നു.
21. നിത്യജീവനെ സംബന്ധിച്ച സുബദ്ധമായ വീക്ഷണഗതിക്കു ചേർന്നതാണിത്.
22. മരണാനന്തരാവസ്ഥയെ സംബന്ധിച്ച സുബദ്ധമായ വീക്ഷണ ഗതിക്കു ചേർന്നതാണിത്.
23. സുബദ്ധമായ വ്യാഖ്യാന സമ്പ്രദായത്തിനു ഒത്തതാണിത്.
24. ശരിയായ ഭാഷാന്തരങ്ങൾ ഇതിനെ പിന്താങ്ങുന്നു.
25. നമ്മുടെ വർഗ്ഗത്തെ ദൈവം പ്രഥമമായി പഠിപ്പിച്ച സിദ്ധാന്തമാണിത്.
26. ഇതു വേദാനുസരണമാണെന്നുള്ള വിശ്വാസം അവിശ്വാസികളെ മതപരിവർത്തനം ചെയ്യിച്ചിട്ടുണ്ട്.

## ഞങ്ങളുടെ മറ്റ് ചില പ്രസിദ്ധീകരണങ്ങൾ

എന്താണ് സത്യം ❖ പൂർണ്ണ സുവിശേഷം ❖ ഭൂമിയിൽ വരുവാനുള്ള ദിവ്യാധിപത്യം ❖ യഥാർത്ഥ സ്വാതന്ത്ര്യം ❖ ന്യായവിധി ദിവസം ❖ ദൈവം നിങ്ങളെ സ്നേഹിക്കുന്നു ❖ ദൈവമോ സാത്താനോ വിജയിക്കുന്നത് ❖ യേശുവിന്റെ രണ്ടാം വരവ് ❖ യഥാസ്ഥാപനം ❖ മഹാപിരമിഡ് ❖ യിസ്രായേലിന്റെ തിരിച്ചുവരവ് ❖ നിങ്ങൾക്കറിയാമോ? ❖ പുതിയഭൂമി ❖ ആപത്ക്കരമായ മലിനീകരണം ❖ സമാധാനം, അതെങ്ങനെ കൈവരും ❖ പറുദീസയിലെ കള്ളന്മാർ ❖ ധനവാനും ലാസറും എന്ന ഉപമ ❖ മരിച്ചവരുടെ പുനരുത്ഥാനം ❖ മരിച്ചവർ എവിടെ? ❖ ആത്മാവ് എന്നാൽ എന്ത്? ❖ നരകം എന്നാൽ എന്ത്? ❖ ജീവനും അമർത്യതയും ❖ യഹോവയുടെ സാക്ഷികളുടെ ഉപദേശം വേദാനുസരണമോ? etc.

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡേർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.


**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
|---|---|
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |

Visit us at : **www.biblestandardindia.com**


(For private circulation only)